# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം നവംബർ 2019 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

പരിശുദ്ധ അമ്മേ,

വചനം മാംസം ധരിച്ച ഈശോയെ

അമ്മയോടൊപ്പം നിരന്തരം ധ്യാനിക്കുവാനും

അതുവഴി 'എമ്മാനുവേൽ' അനുഭവത്തിന്റെ

ആഴത്തിലെത്തുവാനുമായി

ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 മംഗളവാർത്താ-പിറവി ലക്കം നവംബർ 2019

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മംഗളവാർത്താ-പിറവിക്കാലത്തിന്റെ ആദ്ധ്യാത്മികത 05
- സഭ: വചനം മാംസമാകേണ്ട സമൂഹം 09
- കുഞ്ഞുസാറായുടെ നക്ഷത്രശാസ്ത്രം 12
- ക്രിസ്തു ജീവിക്കുന്നു 14
- ഏസാവ് 16
- കാവലാൾ 18
- താണനിലത്തേ നീരോടൂ 20
- ദൈവത്തിന്റെ വിശുദ്ധതാരങ്ങൾ 22
- സെനക്കിൾ തരംഗം 25
- ആരാണ് അനാഥർ 26
- ദൈവം കാണിച്ചുതരുന്ന വഴിയേ മാത്രം 28
- പരഭൂഷണം 30
- ദൈവത്തെ വെറും ദരിദ്രവാസിയാക്കരുത് 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ



# ആഘോഷങ്ങളിൽ അമരുന്ന ആത്മീയത

**പി**റവിത്തിരുനാളിൽ പര്യവസാനിക്കുന്ന മംഗളവാർത്തക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. തിരുനാളുകളെല്ലാം നമുക്ക് ആഘോഷവേളകൾതന്നെ. ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ മതജാതിവ്യത്യാസങ്ങൾക്കൂടാതെ എല്ലാവരുംതന്നെ പങ്കുചേരാറുമുണ്ട്.

ലോകരക്ഷകന്റെ മനുഷ്യാവതാരത്തിന്റെ ഓർമ്മ ആഘോഷിക്കപ്പെടേണ്ടതു തന്നെയാണ്. എന്നാൽ നമ്മുടെ ബാഹ്യആഘോഷങ്ങളുടെ വർണ്ണപ്രപഞ്ചത്തിൽ യഥാർത്ഥ ആത്മീയതയുടെ പ്രകാശത്തിന് മങ്ങൽ ഏല്ക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ദൈവം നമ്മോടുകൂടെ - 'എമ്മാനുവേൽ' - ആയതിന്റെ ഓർമ്മയാണല്ലോ ക്രിസ്തുമസ്സ്. എന്നും എപ്പോഴും ഏതു സാഹചര്യത്തിലും നമ്മോടൊപ്പമുള്ള ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം തിരിച്ചറിയാൻ നമുക്കു കഴിയുന്നില്ലെങ്കിൽ ഈ ആഘോഷങ്ങളെല്ലാം നിരർത്ഥകമാകും. ധനവും അദ്ധ്വാനവുമുപയോഗിച്ച് നാമുയർത്തിക്കെട്ടുന്ന പുൽക്കൂടുകളിൽ ഉണ്ണീശോയെ പ്രതിഷ്ഠിച്ചാലും നമ്മുടെ ഹൃദയങ്ങളിൽ അവിടുത്തേക്ക് ഇടമില്ലാതായാൽ അതുകൊണ്ടെന്തു നേട്ടം...?

ദൈവം വസിക്കാനാഗ്രഹിക്കുന്നത് നമ്മുടെ ഹൃദയമാകുന്ന ആലയത്തിലാണ്. അതുകൊണ്ട് ഈ ദിനങ്ങളിലെ നോമ്പും പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളുംവഴി നമ്മുടെ ഹൃദയങ്ങൾ പുണ്യപൂരിതമാക്കാം. അവിടുത്തേക്ക് വസിക്കാനാവാത്തവിധം നമ്മുടെയുള്ളിൽ എന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം അനുതാപക്കണ്ണീരിൽ കഴുകി ശുദ്ധമാക്കാം. അങ്ങനെ ബാഹ്യ ആഘോഷങ്ങളെല്ലാം നമ്മിലെ ആത്മീയതയുടെ പ്രകടനങ്ങളാവട്ടെ; ആത്മീയതയിൽ വളരുവാനുള്ള അവസരങ്ങളും ഉപാധികളുമാവട്ടെ.

പിറവിത്തിരുനാളാശംസകളോടെ,

ചീഫ് എഡിറ്റർ



# മംഗളവാർത്താ - പിറവിക്കാലത്തിന്റെ ആദ്ധ്യാത്മികത

റവ. ഡോ. ഡൊമിനിക് വെച്ചൂർ
പാലാ രൂപത

സീറോ മലബാർസഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മംഗളവാർത്താ-പിറവിക്കാലത്തോടുകൂടിയാണ്. പൗരസ്ത്യസുറിയാനി ഭാഷയിൽ സൂവാറാ-യൽദാ എന്ന് ഈ കാലഘട്ടം അറിയപ്പെടുന്നു. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയാണ് ഈ ആരാധനാവത്സരകാലം ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. തിരുപ്പിറവിക്കു മുമ്പിൽ നാല് ആഴ്ചകളും തിരുപ്പിറവിക്കുശേഷം ദനഹാത്തിരുനാൾ വരെ രണ്ട് ആഴ്ചകളുമുണ്ട് ഈ കാലഘട്ടത്തിന്. ഈ ആരാധനാവത്സരകാലത്തിന്റെ ആത്മീയചൈതന്യത്തിലേക്ക് നമുക്കു കടന്നുവരാം.

### മംഗളകരമായ വാർത്തകളുടെ കാലം

സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും അലയടികളാണ് ഈ കാലഘട്ടത്തിലെ വചനവായനകളിലും പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉയർന്നുകേൾക്കുന്നത്, പ്രത്യേകിച്ച് ഞായറാഴ്ചകളിൽ. രക്ഷകനായ മിശിഹായ്ക്കു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ മാംദാനയുടെ ജനന അറിയിപ്പോടെയാണ് ഈ കാലഘട്ടം ആരംഭിക്കുന്നത്. തുടർന്നുവരുന്ന ഞായറാഴ്ചകളിൽ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത പരി. കന്യകാമറിയത്തെ അറിയിക്കുന്നതും യോഹന്നാൻ മാംദാനയുടെയും ഈശോയുടെയും ജനനവിവരണങ്ങളും നാം പ്രാർത്ഥനാവിഷയമാക്കുന്നു. നൂറ്റാണ്ടുകളായി രക്ഷകനെ പ്രതീക്ഷിച്ചുകഴിഞ്ഞിരുന്ന മാനവ

വംശത്തെ സംബന്ധിച്ച് ഏറ്റവും മംഗളകരമായ വാർത്ത ഈശോയുടെ തിരുപ്പിറവിതന്നെയായിരുന്നു.

## സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത

മനുഷ്യാവതാരവാർത്ത അറിയിച്ചുകൊണ്ട് ദൂതൻ ഇടയന്മാരോടു പറഞ്ഞു: "ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു". സന്തോഷത്തിന്റെ കാരണവും വചനം സാക്ഷ്യപ്പെടുത്തുന്നു: "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ 2,10-11). പിതാവായ ദൈവം മനുഷ്യകുലത്തിനു മുഴുവൻ കൊടുത്ത ഏറ്റവും വലിയ സമ്മാനമായിരുന്നു മനുഷ്യാവതാരം ചെയ്ത ഈശോ. എല്ലാവിധ അടിമത്തങ്ങളിൽനിന്നും പാപത്തിന്റെയും പിശാചിന്റെയും തിന്മയുടെയും ബന്ധനങ്ങളിൽനിന്നും നമ്മെ എല്ലാവരെയും വിമോചിപ്പിക്കുവാൻ കഴിയുന്ന ദൈവപുത്രനായ ഈശോ നിരന്തരം നല്കുന്ന രക്ഷയും വിടുതലും നമുക്ക് അനുഭവിക്കുവാൻ കഴിയട്ടെ. എല്ലാ മനുഷ്യമക്കൾക്കുംവേണ്ടിയുള്ള ഏകരക്ഷകനാണ് ഈശോ.

## വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു

ദൈവത്തിന്റെ സ്നേഹവും കരുണയും ഭൂമിയെ സ്പർശിച്ചതിന്റെ അനുസ്മരണമാണ് മനുഷ്യാവതാരം. യോഹന്നാൻശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം" (യോഹ 1,14). അദൃശ്യനായ ദൈവം നമുക്ക് സമീപസ്ഥനായി. ചരിത്രാതീതനായ ദൈവം ചരിത്രത്തിലേക്ക് പ്രവേശിച്ചു. ദൈവത്തിന്റെ രക്ഷ മനുഷ്യനേത്രങ്ങൾ ദർശിച്ചു. വചനം സാക്ഷ്യപ്പെടുത്തുന്നതുപോലെ, "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). അതുകൊണ്ട് ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവകരുണയും സ്നേഹവും അനുഭവിക്കുവാനും ദൈവമക്കളുടെ നിലയിലേക്ക് ഉയരുവാനും നമുക്കിടയാകണം. "തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകുവാൻ അവൻ കഴിവു നല്കി" (യോഹ 1,12).

## നമുക്കും ബേത്‌ലെഹെം വരെ പോകാം

ബേത്‌ലെഹെമിലെ പുൽത്തൊട്ടിയിലാണ് മനുഷ്യാവതാരരഹസ്യം നിറവേറിയത്. നിത്യജീവന്റെ അപ്പമാകേണ്ടവൻ "അപ്പത്തിന്റെ ഭവന"ത്തിൽ വന്നു പിറന്നു. ദൈവം നമ്മോടുകൂടെ വസിച്ച് "അമ്മനുവേൽ" ആയി മാറി. പുൽത്തൊട്ടിയിൽ ശയിക്കുന്ന ഈശോ ദൈവപുത്രനാണെന്ന് തിരിച്ചറിയുമ്പോഴാണ് മനുഷ്യാവതാരത്തിന്റെ ആഴങ്ങൾ നാം അറിയുന്നത്. പുൽക്കൂടിന്റെ ലാളിത്യത്തിലാണ് ലോകരക്ഷകനായ ഉണ്ണീശോ ശയിക്കുന്നത്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി, തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടി തന്നെ" (2 കൊറി 8,9). ദൈവം മനുഷ്യനായത് (ബർനാശുസാ) നമ്മെ ദൈവീകരിക്കുവാനാണ് (മാലാഹാനൂസാ). പുൽക്കൂടിൽ ശയിക്കുന്നവന്റെ ശ്രേഷ്ഠതയും പുൽക്കൂടിന്റെ ലാളിത്യവും ഉണ്ണീശോയുടെ ഇരുവശങ്ങളിലുമായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ ശാന്തതയും യൗസേപ്പിതാവിന്റെ നിശബ്ദതയും രക്ഷകനെ നിറഹൃദയത്തോടെ തേടിയെത്തി ആരാധിക്കുന്ന ഇടയന്മാരുടെയും ജ്ഞാനികളുടെയും ജാഗ്രതയും തീക്ഷ്ണതയുമെല്ലാം ബേത്‌ലെഹെമിലെ പുൽക്കൂട് നമ്മെ ഓർമ്മപ്പെടുത്തുന്നു.

## പ്രത്യാശയുടെ നക്ഷത്രം നമ്മെ നയിക്കട്ടെ

ഈശോയുടെ ജനനസമയത്ത് കിഴക്ക് പ്രത്യക്ഷപ്പെട്ട നക്ഷത്രം രക്ഷകനെ സൂചിപ്പിക്കുന്ന മെസിയാനിക പ്രതീകമാണ്. “യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽനിന്നും ഒരു ചെങ്കോൽ ഉയരും” (സംഖ്യ 24,17) എന്ന ബാലാമിന്റെ പ്രവചനം ഈശോയിൽ പൂർത്തിയാകുകയാണ്. പാപാന്ധകാരത്തിൽ തെളിഞ്ഞുനില്ക്കുന്ന പ്രത്യാശയുടെ നക്ഷത്രമാണ് ഈശോ. കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും എല്ലായിടത്തും എല്ലാറ്റിലും ലോകരക്ഷകനെ അന്വേഷിക്കുവാനും ക്രിസ്തുമസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

## ദൈവഹിതത്തിനു വിധേയപ്പെടുന്ന തിരുക്കുടുംബം

മംഗളവാർത്ത പരി. മറിയത്തിനും (ലൂക്കാ 1,26-36) യൗസേപ്പിതാവിനും (മത്താ 1,18-25) അറിയിക്കപ്പെടുമ്പോൾ ദൈവഹിതത്തിന് അവരിരുവരും വിനയാന്വിതമായി കീഴ്വഴങ്ങുന്നു. ക്രിസ്തുമസ് പാതിരാവിലെ നൊമ്പരങ്ങളിലും ഈജിപ്തിലേക്കുള്ള പലായനത്തിലും നസ്രത്തിലേക്കുള്ള മടങ്ങിവരവിലും തിരുക്കുടുംബം ദൈവപദ്ധതിക്ക് വിധേയപ്പെടുന്നു. ജനനത്തിന്റെ എട്ടാം ദിവസത്തിലെ നാമകരണത്തിലും പരിച്ഛേദനകർമ്മത്തിലും നാല്പത്തിയൊന്നാം ദിവസം ഉണ്ണീശോയെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോഴും പെസഹാത്തിരുനാളിന് ജറുസലേമിനു പോയപ്പോൾ ഉണ്ണീശോയെ വഴിയിൽ നഷ്ടപ്പെട്ട് മൂന്നാം ദിവസം ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന ഈശോയെ കണ്ടെത്തിയ വേളയിലും നസ്രത്തിലെ രഹസ്യജീവിതനാളുകളിലുമെല്ലാം ദൈവഹിതത്തിനു പൂർണ്ണമായും കീഴ്പ്പെടുന്ന തിരുക്കുടുംബത്തെയാണ് നാം കണ്ടുമുട്ടുന്നത്. ജീവിതവഴിത്താരകളിൽ എപ്പോഴും ദൈവഹിതം അന്വേഷിക്കുവാനും അതു നിവർത്തിക്കുവാനും തിരുക്കുടുംബം നമ്മെ ക്ഷണിക്കുന്നു. തിരുക്കുടുംബം നമ്മുടെ കുടുംബങ്ങളെ പവിത്രീകരിക്കട്ടെ. ദൈവാലയംപോലെ പവിത്രമാണ് ഓരോ കുടുംബവും.



### ഈശോ അനുദിനവും ഹൃദയത്തിൽ ജനിക്കട്ടെ

കേവലം മനുഷ്യനിർമ്മിതമായ പുൽക്കൂടുകളിലെ ക്രിസ്തുമസ് ചിത്രീകരണംമാത്രം പോരാ. ഉണ്ണീശോ നമ്മുടെ ഓരോരുരുത്തരുടെയും ഹൃദയത്തിൽ ജനിക്കുമ്പോഴാണ് ക്രിസ്തുമസ് ആഘോഷം പൂർണമാകുന്നത്. ഉണ്ണീശോയില്ലാത്ത ആഘോഷങ്ങളും നിരർത്ഥകമാണ്. നമ്മുടെ വ്യക്തിജീവിതത്തിന്റെയും പൊതുജീവിതത്തിന്റെയും തിന്മകളിൽനിന്ന് അകന്നുമാറി നമ്മുടെ ജീവിതങ്ങളെ നിർമ്മലമാക്കാം. അങ്ങനെ ഹൃദയങ്ങളിൽ ഈശോ നിരന്തരം പിറക്കട്ടെ.

### പരിശുദ്ധ അമ്മയെ പ്രത്യേകം ഓർക്കുന്ന കാലം

നമ്മുടെ ആരാധനാവത്സരത്തിൽ പരി. കന്യകാമറിയത്തെ പ്രത്യേകം ഓർക്കുന്ന കാലമാണിത്. പരി. കുർബാനയിലെയും യാമപ്രാർത്ഥകളിലെയും ഗീതങ്ങളിൽ പരി. കന്യകാമറിയത്തിന്റെ സ്തുതിപ്പുകളും അനുസ്മരണവും നിരവധി തവണ കടന്നുവരുന്നു. നമ്മുടെ ആരാധനാവത്സരചൈതന്യമനുസരിച്ച് മാതാവിന്റെ പ്രത്യേകവണക്കം ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിലാണ്.

### മാർത്തോമ്മാ സ്ലീവായുടെ തിരുനാൾ ഡിസംബർ 18 ന്

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച മദ്രാസിലെ പെരിയമലയിൽനിന്നു കണ്ടെടുക്കപ്പെട്ട് അവിടെ പ്രത്യേകം വണങ്ങപ്പെടുന്നതും ശ്ലീഹായാൽ വിരചിതമെന്നു കണക്കാക്കപ്പെടുന്നതുമായ മാർത്തോമ്മാ സ്ലീവായുടെ തിരുനാൾ കടന്നുവരുന്നതും ഈ കാലഘട്ടത്തിൽതന്നെയാണ്. മാർത്തോമ്മാ പൈതൃകത്തിന്റെ അടയാളവും ഐക്കണുമായി വർത്തിക്കുന്ന ഈ സ്ലീവായോട് നമുക്ക് അടുപ്പവും ആദരവും വണക്കവും വളരട്ടെ.

### ഇരുപത്തഞ്ചുനോമ്പിലൂടെ നമുക്കും ഒരുങ്ങാം

ഈശോയുടെ പിറവിത്തിരുനാളിനൊരുക്കമായി മാർത്തോമ്മാ നസ്രാണികൾ അനുഷ്ഠിച്ചുപോരുന്ന പ്രത്യേക നോമ്പാചരണമാണ് ഇരുപഞ്ചുനോമ്പ്. ഡിസംബർ ഒന്നു മുതൽ ക്രിസ്തുമസ് വരെയാണ് ഈ നോമ്പ് ആചരിക്കുന്നത്. ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ ഈശോയുടെ ജനനത്തിനായി ഒരുങ്ങുന്നതിന്റെ അടയാളമാണ് ഈ നോമ്പ്. ഭക്ഷണപദാർത്ഥങ്ങളുടെ വർജ്ജനം മാത്രമാകാതെ കാലോചിതമായ 'ഡിജിറ്റൽ ഫാസ്റ്റിങ്' പോലുള്ള രീതികളും ഈ കാലത്ത് അനുഷ്ഠിക്കാവുന്നതാണ്. നമ്മുടെ പുണ്യപ്രവൃത്തികൾകൊണ്ട് ഉണ്ണീശോയ്ക്കായി സുകൃതമഞ്ജരിയും തയ്യാറാക്കാവുന്നതാണ്. ഉണ്ണീശോ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വന്നു പിറക്കട്ടെ. എല്ലാ വായനക്കാർക്കും പിറവിത്തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.

## Spirituality Centre Programme

**December**

| | |
|---|---|
| 01-06 | Liturgical Retreat |
| 07 | Social Animators' Meet |
| 08-12 | Retreat for Deacons |
| 14 | School of Bible |
| 16 | Bible Study Forum |
| 16-17 | Cenacle Gathering (Sodales & Aspirants) |
| 25-31 | Week of the Institute |



# സഭ

## വചനം മാംസമാകേണ്ട സമൂഹം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**ഈ**ശോ തന്റെ അന്ത്യപ്രാർത്ഥനയിൽ തന്റെ ശിഷ്യരുടെ സമൂഹത്തെ പരാമർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തന്റെ ശിഷ്യരെ അവിടുന്നു വിശേഷിപ്പിക്കുന്നത് 'പിതാവ് തനിക്കു നല്കിയവർ' എന്നാണ്: "പിതാവ് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (യോഹ 17,6). ഈശോയുടെ ശിഷ്യരുടെ സമൂഹമാണല്ലോ സഭ. മാമ്മോദീസാ സ്വീകരിച്ച് ഈശോയുടെ ശിഷ്യരായിത്തീർന്നവരുടെ സമൂഹമാണ് സഭ (മത്താ 28,19). അപ്രകാരം സഭാസമൂഹമായവരെക്കുറിച്ചുള്ള ഈശോയുടെ പ്രതീക്ഷയാണ് ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നത്.

### സഭ: പിതാവ് ഈശോയ്ക്കു നല്കിയവരുടെ സമൂഹം

പിതാവായ ദൈവം ഈശോയ്ക്കു നല്കിയവരുടെ സമൂഹമാണ് സഭ. പിതാവായ ദൈവത്തിന്റെ സ്നേഹത്തിലാണ് എല്ലാ മനുഷ്യരും ജന്മംകൊണ്ടത്. പിതാവായ ദൈവത്തിന്റെ രക്ഷാ

പദ്ധതിയെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: "താൻ മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിച്ചു" (റോമാ 8,29). ബൈബിളിൽ ഒരാളെ അറിയുക എന്നു പറഞ്ഞാൽ 'അയാളെ അറിയുക. സ്നേഹിക്കുക, അയാളുമായി ഐക്യപ്പെടുക' എന്നാണല്ലോ അർത്ഥം. "ജോസഫ് മറിയത്തെ അറിഞ്ഞില്ല" (മത്താ 1,25) എന്നു പറയുന്നതിന്റെ അർത്ഥം, അയാൾ അവളുമായി ഭാര്യാഭർതൃബന്ധത്തിൽ ഏർപ്പെട്ടില്ല എന്നാണ്. അതുകൊണ്ട് 'മനുഷ്യനെ ദൈവം മുൻകൂട്ടി അറിഞ്ഞു' എന്നു പറയുമ്പോൾ, മനുഷ്യൻ ജനിക്കുന്നതിനു മുമ്പേ അവനെ ദൈവം അറിയുകയും സ്നേഹിക്കുകയും ചെയ്തു എന്നാണ്. അങ്ങനെ ദൈവം മുൻകൂട്ടി സ്നേഹിച്ച്, ജന്മം നല്കിയവരാണ് ഓരോ മനുഷ്യനും. മനുഷ്യരെല്ലാം അപ്രകാരം ദൈവത്തിന്റേതാണ്: "അവർ അങ്ങയുടേതായിരുന്നു" (യോഹ 17,6). അതുകൊണ്ട് തന്റെ ശിഷ്യരെ, സഭാംഗങ്ങളെ, പിതാവായ ദൈവമാണ് തന്റെ പുത്രനായ ഈശോയ്ക്കു നല്കിയത് എന്നു പറയുന്നതിൽ ഒരു തെറ്റുമില്ല. അതുകൊണ്ട് സഭാംഗങ്ങളായ നാമോരോരുത്തരും പിതാവായ ദൈവം ഈശോയ്ക്കു നല്കിയ സ്നേഹസമ്മാനങ്ങളാണ്. അപ്രകാരം പിതാവ് ഈശോയ്ക്കു നല്കിയവരുടെ സമൂഹമാണ് നാമാകുന്ന സഭാസമൂഹം.

### സഭ: ഈശോയിൽ വിശ്വസിക്കുന്ന സമൂഹം

"ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്ന് (അവർ) സത്യമായി അറിയുകയും അങ്ങ് എന്നെ അയച്ചുവെന്നു വിശ്വസിക്കുകയും ചെയ്യുന്നു" (യോഹ 17,8). ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. ഈശോയിൽ വിശ്വസിക്കണമെങ്കിൽ ഈശോ ആരാണെന്ന് അറിയണം. ഈശോ പിതാവിന്റെ പുത്രനാണെന്നും ആ പിതാവ് അഭിഷേകം ചെയ്ത് അയച്ചവനാണെന്നും മനസ്സിലാക്കി ഈശോയെ സ്വീകരിക്കണം. പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേക്ക് അയച്ച ദൈവപുത്രനാണു താൻ എന്ന് ഈശോതന്നെ വ്യക്തമായി പറയുന്നുണ്ട് (യോഹ 10,36). അപ്രകാരം തന്റെ പുത്രനായ ഈശോയെ വ്യക്തമായ ഒരു ദൗത്യത്തോടുകൂടി മനുഷ്യരുടെ മദ്ധ്യത്തിലേക്ക് അയച്ചുവെന്ന് അറിയുകയും അപ്രകാരം ഈശോയിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ് സഭാംഗങ്ങൾ.


### സഭ: പിതാവിന്റെ നാമം വെളിപ്പെടുത്തുന്ന സമൂഹം

"ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (യോഹ 17,6). ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമെന്ന നിലയിൽ സഭ ഈശോ വെളിപ്പെടുത്തിയ ദൈവത്തെ അറിഞ്ഞവരാണ്. ഈശോ ദൈവത്തെ വെളിപ്പെടുത്തിയത് ദൈവത്തോടുള്ള അവിടുത്തെ പിതൃപുത്രബന്ധം ജീവിച്ചുകൊണ്ടും, ആ ബന്ധം വെളിപ്പെടുത്തിക്കൊണ്ടുമാണ്: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). അതുകൊണ്ട് സഭ ദൈവത്തെ പിതാവായി അറിഞ്ഞവരും, ദൈവപിതാവുമായി ദൈവമക്കൾക്കടുത്ത ബന്ധം മനസ്സിലാക്കിയവരും ആ ബന്ധം ജീവിക്കുന്നവരുമാണ്. ദൈവമക്കളുടെ സമൂഹമെന്ന നിലയിൽ സഭ ഒരു കുടുംബമാണ്; കുടുംബാരൂപിയിൽ പരസ്പരം സാഹോദര്യജീവിതം നയിക്കുന്നവരുടെ ഒരു സമൂഹമാണ്.

### സഭ: വചനം സ്വീകരിക്കുന്നവരുടെ സമൂഹം

"എന്തെന്നാൽ, അങ്ങ് എനിക്കു നല്കിയ വചനം ഞാൻ അവർക്കു നല്കി. അവർ അതു സ്വീകരിക്കുകയും ... ചെയ്തു" (യോഹ 17,8). ഈശോ നല്കിയ വചനം സ്വീകരിച്ചവരുടെ, സ്വീകരിക്കുന്നവരുടെ സമൂഹമാണ് സഭ. ഈശോതന്നെ ദൈവത്തിന്റെ വചനമാണല്ലോ (യോഹ

1,1-2). വചനമാകുന്ന ഈശോയെ അനുഭവിച്ചറിഞ്ഞ ശ്ലീഹന്മാർ പത്രോസിന്റെ നേതൃത്വത്തിൽ ഈശോയെ പ്രസംഗിച്ചതിന്റെ ഫലമായി, ആ വചനം സ്വീകരിച്ചവരുടെ സമൂഹമായിട്ടാണ് ആദിമസഭ പിറന്നു വീഴുന്നത്: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41). മാത്രമല്ല, 'അവർ ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേരുകയും' ചെയ്തു (ശ്ലീഹ 2,42). അപ്രകാരം നിരന്തരം വചനം സ്വീകരിക്കുന്നവരുടെ ഒരു സമൂഹമായിട്ടാണ് സഭ ആരംഭംമുതലേ വളരുന്നത്. അപ്രകാരം വളരുമ്പോൾ സഭയുടെ



വളർച്ച വചനത്തിന്റെ വ്യാപനമായിത്തീരും. ആദിമസഭയിൽ ഇത് നമുക്കു വ്യക്തമായി കാണാം: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വളരെ വർദ്ധിക്കുകയും ചെയ്തു" (ശ്ലീഹ 6,7). അതുകൊണ്ട് സഭാസമൂഹം ഇന്ന് വചനം മാംസമാകേണ്ട സമൂഹമാണ്. സഭാംഗങ്ങളെല്ലാവരും നിരന്തരം വചനം സ്വീകരിക്കുന്നവരും ജീവിക്കുന്നവരുമാകുമ്പോൾ സഭ വചനം മാംസമായ സമൂഹമായിത്തീരും. മറ്റു വാക്കുകളിൽ, സഭ ഈ ലോകത്തിൽ വചനം മാംസമായ ഈശോയുടെ സാന്നിദ്ധ്യമായി മാറും. ഇതുതന്നെയാണ് ഈശോ സഭയിൽനിന്നു പ്രതീക്ഷിക്കുന്നതും.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# കുഞ്ഞുസാറായുടെ നക്ഷത്രശാസ്ത്രം

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രു ഡിസംബറിലാണ് അഞ്ചുവയസ്സുകാരി കുഞ്ഞുസാറയെ പരിചയപ്പെടുന്നത്. ആ വീട്ടിൽ ചെല്ലുമ്പോൾ രണ്ടു കയ്യുംകെട്ടി പിണങ്ങിയിരുപ്പാണ് ആൾ. കാര്യം മറ്റൊന്നുമല്ല. വീടിന്റെ മുമ്പിൽ നക്ഷത്രമിടാൻ അവളുടെ പപ്പയ്ക്ക് സമയം കിട്ടിയില്ലത്രേ. ചോദിച്ചപ്പോൾ അവൾ തന്റെ ന്യായം വിശദീകരിച്ചു: "സ്റ്റാർ ഇടാത്ത വീട്ടിൽ ഉണ്ണീശോ വരില്ല". ഉള്ളിൽ ചിരി വന്നെങ്കിലും അവളുടെ സംസാരം ശ്രദ്ധാപൂർവ്വം കേട്ടു... "അതില്ലേ... എന്റെ ടീച്ചർ പറഞ്ഞു, ഞാനാ വീട്ടിലെ സ്റ്റാർ എന്ന്. പക്ഷേ ഞാനിവിടില്ലാത്തപ്പോഴോ, ഉറങ്ങിപ്പോകുമ്പോഴോ ഈശോ വന്നാൽ ഈ വീട്ടിൽ കയറാതെ പോവില്ലേ. അതിനാ വീടിനുമുമ്പിൽ സ്റ്റാർ ഇടാൻ ഞാൻ പപ്പയോടു പറഞ്ഞത്"

കാര്യം നിസ്സാരമെന്നു തോന്നിച്ചെങ്കിലും അവളുടെ നക്ഷത്രശാസ്ത്രം ഏറെ ചിന്തിപ്പിച്ചു. മെഗാസ്റ്റാറും സൂപ്പർ സ്റ്റാറും ആകാനായി വെമ്പൽകൊള്ളുന്ന ഇന്നിന്റെ ലോകത്തിനു മുമ്പിൽ അവളുടെ കൊച്ചു നക്ഷത്രചിന്തകൾക്കു പ്രസക്തിയുണ്ടെന്നു തോന്നി. ഡിസംബറിന്റെ മനോഹാരിതയായി വീടുകൾക്കു മുമ്പിൽ തൂങ്ങുന്ന നക്ഷത്രവിളക്ക് ഞാൻതന്നെയായിരിക്കണം എന്നു ചിന്തിക്കുവാൻ സാധിച്ചില്ലല്ലോ എന്നോർത്തപ്പോൾ ജാള്യത തോന്നി.

വി. ഗ്രന്ഥത്തിലുടനീളം കണ്ടുമുട്ടുന്ന ഒരു പ്രതീകമാണ് നക്ഷത്രം. ഉല്പത്തി പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ തുടങ്ങുന്ന നക്ഷത്രസൃഷ്ടിയുടെ വിവരണം (1,17), വെളിപാടു പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ പ്രഭാതനക്ഷത്രമായി ഉദിച്ചുയർന്ന മിശിഹാ(22,16)യെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് അവസാനിക്കുന്നത്.

നക്ഷത്രങ്ങൾപോലെ സന്താനങ്ങൾ നല്കുമെന്ന ദൈവികവാഗ്ദാനവും (ഉല്പ 15,5), നക്ഷത്രങ്ങളാൽ വണങ്ങപ്പെടുന്ന സ്വപ്നക്കാരൻ ജോസഫും (ഉല്പ 37,9), യാക്കോബിൽ നിന്നുദിക്കുന്ന നക്ഷത്രത്തെക്കുറിച്ചുള്ള പ്രവചനവും (സംഖ്യ 24,17), ആകാശത്തു നടക്കുന്ന നക്ഷത്രയുദ്ധവും ( ന്യായാ 5,20), നക്ഷത്രങ്ങളെ എത്തിപ്പിടിക്കാൻ ശ്രമിച്ചവരെക്കുറിച്ചുള്ള പരാമർശവും (2 മക്ക 9,10), ദൈവം വയ്ക്കുന്ന നക്ഷത്രമുദ്രയും നക്ഷത്രമണ്ഡലങ്ങളും (ജോബ് 9,7-9), നക്ഷത്രങ്ങൾക്കു ദൈവം നല്കുന്ന പേരുകളും (സങ്കീ 14,....), നക്ഷത്രങ്ങളോടൊപ്പം ദൈവത്തെ സ്തുതിക്കുന്ന സങ്കീർത്തകനും, കിഴക്ക് 'അവന്റെ' നക്ഷത്രം കണ്ട് ഉണ്ണിമിശിഹായെ ആരാധിക്കാനെത്തിയ പൂജരാജാക്കന്മാരും (മത്താ 2,2) അവയിൽ ചിലതുമാത്രം.

സർവ്വലോകത്തെയും പ്രകാശിപ്പിക്കുന്ന ഉദയസൂര്യനായ ഈശോ ഉദിച്ചുയർന്നപ്പോൾ, ആ സദ്‌വാർത്ത ലോകത്തെ അറിയിക്കുവാൻ ദൈവം ഒരു നക്ഷത്രത്തെ തെരഞ്ഞെടുത്തിന്റെ കാരണം എന്തായിരിക്കാം? അതിനുത്തരവും വി. ഗ്രന്ഥത്തിൽ ബാറൂക്ക് പ്രവാചകന്റെ പുസ്തകത്തിൽ നാം കാണുന്നു: "നക്ഷത്രങ്ങൾ തങ്ങളുടെ യാമത്തിൽ പ്രകാശിക്കുകയും ആഹ്ലാദിക്കുകയും ചെയ്തു. അവിടുന്ന് അവയെ വിളിച്ചു. ഇതാ, ഞങ്ങൾ എന്ന് അവ പറഞ്ഞു. തങ്ങളെ സൃഷ്ടിച്ചവനുവേണ്ടി അവ സന്തോഷപൂർവ്വം മിന്നിത്തിളങ്ങി" (3,34). താൻ ഏല്പിച്ച കാര്യങ്ങളിലുള്ള അവയുടെ വിശ്വസ്തത കൊണ്ടാവാം ദൈവം തന്റെ വാഗ്ദാന പൂർത്തീകരണത്തിനായി അവയെ തെരഞ്ഞെടുത്തതും.

ഒരിക്കൽക്കൂടി മംഗളവാർത്താക്കാലം സമാഗതമായിരിക്കുകയാണ്. നോമ്പിന്റെ ചൈതന്യവും, ഡിസംബറിന്റെ കുളിരും, നക്ഷത്രവിളക്കുകളുടെ പ്രകാശവും, മാലാഖമാരുടെ സംഗീതവും ഹൃദയത്തിൽ ഒഴുകിയിറങ്ങുന്ന മനോഹരകാലം. നക്ഷത്രവിളക്കുകൾ തൂക്കുമ്പോൾ, അതായിത്തീരുവാനുള്ള നമ്മുടെ വിളിയെപ്പറ്റി ഓർമ്മിക്കാം. രാത്രിയെ മനോഹരമാക്കുന്ന നക്ഷത്രങ്ങൾ, പകൽ തങ്ങളെ ആരും കാണുന്നില്ലെങ്കിലും തങ്ങളുടെ ജോലി വിശ്വസ്തതാപൂർവ്വം നിർവഹിച്ചുകൊണ്ട് മിന്നിത്തിളങ്ങുന്നതിൽ ആനന്ദം കണ്ടെത്തുന്നു.

ആയിരിക്കുന്നിടത്ത് സന്തോഷത്തോടെ പ്രകാശിക്കാൻ നമുക്കാവണം. ഉള്ളതിൽ സംതൃപ്തരായി, ലഭിച്ച നന്മകൾക്കു നന്ദി പറഞ്ഞുകൊണ്ട്, ദൈവം നല്കിയ സാഹചര്യങ്ങളിൽ സന്തോഷിച്ച്, ഏല്പിക്കപ്പെട്ട കാര്യങ്ങൾ വിശ്വസ്തതയോടെ പൂർത്തീകരിച്ച് മിന്നിത്തിളങ്ങാൻ ഈ മംഗളവാർത്തക്കാലം നമ്മെ ക്ഷണിക്കുകയാണ്. എന്റെ ഭവനത്തിലെ നക്ഷത്രം ഞാനായിരിക്കട്ടെ. മറ്റുള്ളവർക്കു പ്രകാശം നല്കാൻ, ആ പ്രകാശത്തിൽ അവർ ആനന്ദിക്കാൻ, അവർക്കു വഴികാട്ടിയാകാൻ, നാമാകുന്ന നക്ഷത്രത്തെ നമുക്കു പ്രകാശിപ്പിക്കാം. പുൽക്കൂട്ടിൽ പിറന്ന പ്രഭാതനക്ഷത്രം അതിനു നമ്മെ സഹായിക്കട്ടെ.






# യഥാർത്ഥ യൗവനം

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**പ**ഴയനിയമത്തിലേതുപോലെതന്നെ പുതിയനിയമത്തിലും വ്യത്യസ്തങ്ങളായ തലങ്ങളിൽ യുവജനത്തെക്കുറിച്ചുള്ള ധാരാളം പരാമർശങ്ങളുണ്ട്. ലൂക്കാസുവിശേഷത്തിലെ ഈശോയുടെ ഉപമകളിലൊന്നിൽ പിതാവിന്റെ വീടുവിട്ട് ദൂരദേശത്തേക്കു പോകുകയും പിന്നീട് തിരികെ വരികയും ചെയ്യുന്ന ഇളയമകന്റെ കഥ പറയുന്നുണ്ട് (ലൂക്കാ 15,11-32). അതിരുകടന്ന അവന്റെ സ്വാതന്ത്ര്യചിന്തകൾ അവനെ കഷ്ടതയിലാക്കുന്നുണ്ടെങ്കിലും അനുതപിച്ചുള്ള അവന്റെ തിരിച്ചുവരവ് അവനെ ഉണർവുള്ളവനും ഊർജ്ജസ്വലനുമാക്കുന്നു. വിശ്വസ്തനെന്നു സ്വയം വിശേഷിപ്പിക്കുന്ന സ്നേഹവും കരുണയും കൈമോശം വന്ന ജ്യേഷ്ഠസഹോദരനെക്കാളും ഈശോ പ്രശംസിക്കുന്നത് ശരിയായ വഴികളിലേക്കു തിരികെയെത്തുന്ന യുവാവിനെയാണ്. പിതാവിന്റെ പക്കലായിരിക്കുന്നതാണ് ശരിയായ വഴി. വഴി മാറിപ്പോയെങ്കിലും അവിടേക്കു തിരികെവരുന്നതാണ് ശരിയായത്.

സ്നേഹിക്കുവാൻ കഴിവുള്ള ഒരു ഹൃദയം ഉണ്ടായിരിക്കുക എന്നതാണ് യഥാർത്ഥ യൗവനം. പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുക എന്ന് (കൊളോ 3,9-10) വി. പൗലോസ്ശ്ലീഹാ പറയുമ്പോൾ നിരന്തരം നവീകരിക്കപ്പെട്ട യൗവനയുക്തരായിരിക്കുക എന്നതാണ് ധ്വനി. കാരുണ്യത്തോടും ദയയോടും വിനയത്തോടും സൗമ്യതയോടുംകൂടി വ്യാപരിക്കുമ്പോൾ, ക്ഷമിച്ച് സഹിഷ്ണുതയോടെ വർത്തിക്കുമ്പോൾ (കൊളോ 3,12-13) ഒരു വ്യക്തി പുതിയ മനുഷ്യനെ ധരിക്കുന്നു. പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റാതെ വ്യാപരിക്കുന്നവൻ ആത്മാവിനെ വാർദ്ധക്യത്തിലെത്തിക്കുകയാണു ചെയ്യുന്നത്.

യുവജനങ്ങളെ എപ്രകാരം കാണണമെന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്: "...യുവാക്കന്മാരെ സഹോദരന്മാരെപ്പോലെയും ... യുവതികളെ നിർമ്മലതയോടെ സഹോദരിമാരെപ്പോലെയും ഉപദേശിക്കുക" (1 തിമോ 5,1-2). കൂടാതെ, വലിയ കാര്യങ്ങൾ സ്വപ്നം കാണേണ്ട, വിശാല മായ ചക്രവാളങ്ങൾ തേടേണ്ട, ഉന്നതമായ കാര്യങ്ങളെ ലക്ഷ്യം വയ്ക്കേണ്ട, ലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ട യുവജനത്തെ പ്രകോപിപ്പിക്കാതെ, പ്രോത്സാഹിപ്പിക്കുക (കൊളോ 3,21). ഏറ്റവും ശ്രേഷ്ഠമായതിനെ കെട്ടിപ്പടുക്കുവാൻ യുവജനങ്ങൾ തങ്ങളുടെ ഏറ്റവും ഉത്തമമായതിനെ സമർപ്പിക്കണം. അപ്പോൾ അവരുടെ യൗവനത്തെ ആരും അവമതിക്കുകയി ല്ല (1 തിമോ 4,12).

യുവജനം മുതിർന്നവരുടെ അധികാരത്തെ ആദരിക്കുന്നവരും (1 പത്രോ 5,5) അവരോട് വലിയ ബഹുമാനം കാണിക്കുന്നവരുമാകണമെന്നും വി. ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. ദീർഘകാല അനുഭവസമ്പത്തുള്ള, ജീവിതത്തിന്റെ ആനന്ദങ്ങളും ആശാഭംഗങ്ങളും പ്രശ്നങ്ങളും പ്രയാസ ങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ള മുതിർന്നവർ യുവത്വത്തെ നയിക്കാൻ പ്രാപ്തിയുള്ളവരാണ്. യുവജനത തെറ്റിൽ വീഴാതിരിക്കുവാനും, തെറ്റായ വാഗ്ദാനങ്ങൾക്ക് വശംവദരാകാതിരിക്കാനും പഠിപ്പിക്കുവാൻ സാധിക്കുന്നവരാണ് അനുഭവശേഖരമുള്ള മുതിർന്നവർ. മുതിർന്നവർ വേറെ യൊരു തലമുറയിൽ പെട്ടവരായതിനാൽ അവരെ തള്ളിക്കളയുകയോ അവരുടെ ഉപദേശ ങ്ങൾക്ക് വില കൊടുക്കാതിരിക്കുകയോ ചെയ്യുന്നത് ഉചിതമല്ല.

ചെറുപ്പം മുതൽത്തന്നെ കല്പനകൾ പാലിക്കുന്ന ഒരു യുവാവിന്റെ ചിത്രം മർക്കോസ് സുവിശേഷത്തിൽ കാണുന്നുണ്ട് (മർക്കോ 10,20). ചെറുപ്പം മുതൽ കർത്താവിലാശ്രയിക്കുന്ന, അവിടുന്നിൽ പ്രത്യാശ വയ്ക്കുന്ന ഒരു വ്യക്തിയുടെ ചിത്രം സങ്കീർത്തകനും അവതരിപ്പിക്കു ന്നുണ്ട് (സങ്കീ 71,5-17). യുവജനം തങ്ങളുടെ ഹൃദയത്തെ ദൈവത്തിനായി തുറന്നുകൊടുക്കു ന്നവരാകണം. കർത്താവിലുള്ള ഒരുവന്റെ ആശ്രയം അവന്റെ യുവത്വത്തിൽനിന്നും യാതൊന്നും എടുത്തുകളയുന്നില്ല; മറിച്ച് അതിനെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. വി. അഗസ്തീനോസിന്റെ വിലാപകാവ്യം ഇതു വരച്ചുകാട്ടുന്നുണ്ട്: "എന്നും സനാതനവും നിത്യ നൂതനവുമായ സൗന്ദര്യമേ, നിന്നെ സ്നേഹിക്കാൻ ഞാൻ എത്ര വൈകിപ്പോയി, നിന്നെ സ്നേഹി ക്കാൻ ഞാൻ എത്ര വൈകിപ്പോയി" (Confession 10:27).

"നിത്യജീവൻ പ്രാപിക്കാൻ എന്തു നന്മയാണു ചെയ്യേണ്ടത്" (മത്താ 19,16) എന്ന് ഈശോ യോടു ചോദിക്കുന്ന ഒരു വ്യക്തിയെ സുവിശേഷത്തിൽ കണ്ടുമുട്ടുന്നുണ്ട്. പുതിയ ചക്രവാള ങ്ങൾ തേടുന്ന, വലിയ വെല്ലുവിളികളെ സ്വീകരിക്കാൻ വെമ്പുന്ന ഒരു യുവാവിന്റെ പ്രതീകമാ ണവൻ. എന്നാൽ യഥാർത്ഥത്തിൽ ആ വ്യക്തിയുടെ അരൂപി യുവചൈതന്യം നിറഞ്ഞതായി രുന്നില്ല. കാരണം, ധനത്തോടും സുഖസൗകര്യങ്ങളോടും കെട്ടുപിണഞ്ഞ ഒരു ജീവിതമായി രുന്നു അവന്റേത്. ഔദാര്യം കാണിക്കാനും, ഭൗതികസമ്പത്ത് വിതരണം ചെയ്യാനും വൈമ നസ്യം കാണിക്കുന്ന അവൻ സങ്കടത്തോടെയാണ് തിരിച്ചുപോകുന്നത് (മത്താ 19,22).


യുവജനം ജ്ഞാനം നിറഞ്ഞവരായിരിക്കണമെന്ന ഒരു ഓർമ്മപ്പെടുത്തലും വി. ഗ്രന്ഥ ത്തിലുണ്ട്. വിളക്കുമെടുത്ത് മണവാളനെ എതിരേല്ക്കാൻ പുറപ്പെട്ട പത്തു കന്യകമാരുടെ ഉപമ (മത്താ 25,1-13) പഠിപ്പിക്കുന്ന പാഠമിതാണ്: വ്യഗ്രചിത്തരായി, ജീവിതത്തിന്റെ ഉപരിപ്ലവതല ത്തിൽമാത്രം നിലകൊണ്ട് അർത്ഥപൂർണമായ ബന്ധങ്ങൾ പുലർത്താതെ, വിവേകരഹിതരായി ജീവിക്കുന്നവർക്ക് സ്വർഗ്ഗരാജ്യം അപ്രാപ്യമാകുന്നു. മഹത്തായ കാര്യങ്ങൾ അഭിലഷിച്ചുകൊ ണ്ട്, ശുഭാപ്തിവിശ്വാസത്തോടെ ഒരുവൻ തന്റെ യൗവനത്തെ ചെലവഴിക്കണം. ഉറക്ക ത്തിൽനിന്നും ഒരുവൻ ഉണർന്നെഴുന്നേല്ക്കേണ്ടിരിക്കുന്നു: "യുവാവേ, ഞാൻ പറയുന്നു, എഴു ന്നേല്ക്കുക" (ലൂക്കാ 7,14).

# ഏസാവ്

ഇസഹാക്കിന്റെ ഇരട്ട പിറന്ന മക്കളിൽ ആദ്യം ജനിച്ചവനാണ് ഏസാവ്. രോമാവൃതമായ ശരീരപ്രകൃതിയായിരുന്നതുകൊണ്ടുതന്നെ ഏസാവ് എന്ന് അവനു പേരു ലഭിച്ചു. ഏദോംകാരുടെ പിതാവ് എന്നാണ് ഏസാവ് അറിയപ്പെടുന്നത്. ഏസാവും യാക്കോബും പ്രായപൂർത്തിയായപ്പോൾ അവരുടെ കുലത്തൊഴിലായ നായാട്ടിലും ആടുവളർത്തലിലും ഏർപ്പെട്ടു. ഏസാവ് നായാട്ടുകാരനായിരുന്നതുകൊണ്ട് മിക്കപ്പോഴും അവൻ വീടിനു പുറത്തായിരുന്നിരിക്കണം. ഇസഹാക്കിന് ഏസാവിനോടായിരുന്നു കൂടുതൽ താല്പര്യം. കാരണം അവൻ നായാട്ടു കഴിഞ്ഞ് രുചികരമായ ഭക്ഷണം പാകം ചെയ്ത് പിതാവിനു കൊടുത്തിരിക്കാം. അല്ലെങ്കിൽ തന്റെ ആദ്യജാതനെന്ന നിലയ്ക്കാവാം ഇസഹാക്ക് അവനെ സ്നേഹിച്ചത്.

യഹൂദപാരമ്പര്യത്തിൽ ആദ്യജാതസ്ഥാനം വിലപ്പെട്ടതാണ്. കുടുംബത്തിന്റെയും ഗോത്രത്തിന്റെയും ഭരണനേതൃത്വം, അവകാശങ്ങളുടെ ഇരട്ടിപ്പങ്ക്, പൗരോഹിത്യപദവി, പിതാവിന്റെ അന്ത്യ ആശീർവാദം തുടങ്ങിവയെല്ലാം മൂത്തവന്റെ മുതൽക്കൂട്ടാണ്. പിതാവു കഴിഞ്ഞാൽ കുടുംബത്തലവൻ മൂത്തവൻതന്നെയാണ്. ഒരിക്കൽ നായാട്ടു കഴിഞ്ഞ് വിശന്നു ക്ഷീണിച്ച ഏസാവ് യാക്കോബിനോടു പായസം ചോദിച്ചു. അധികാരമോഹിയായ യാക്കോബ് വിശക്കുന്ന വയറിനെ മറപിടിച്ച് സഹോദരനിൽനിന്ന് കടിഞ്ഞൂലവകാശം തട്ടിയെടുത്തശേഷം അപ്പവും പയറുപായസവും കൊടുത്തു. ഒരു കപ്പ് പായസത്തിനു മുമ്പിൽ കടിഞ്ഞൂലവകാശം വിറ്റുകളഞ്ഞ ഏസാവ് ക്ഷണികസുഖത്തിലേക്കാണ് വഴുതിവീണത്. വിശപ്പിന്റെ മുമ്പിൽ അവന്റെ ചിന്തയും മനസ്സും അന്ധമായി. ആലോചനകൾക്കിടം നല്കാത്ത തീരുമാനമാണ് അവനെ തകർത്തത്. ഭൗതികനേട്ടത്തിനുവേണ്ടി ആത്മീയമൂല്യങ്ങൾ നഷ്ടമാക്കുന്നവരുടെ പ്രതീകമാണ് ഏസാവ്. മോഹിപ്പിക്കുന്ന പായസക്കോപ്പകൾക്കുമുമ്പിൽ ബോദ്ധ്യങ്ങൾക്കും മൂല്യങ്ങൾക്കും വിലകല്പിക്കാത്തവൻ ദൈവാനുഗ്രഹത്തെ നിസ്സാരമാക്കുന്നു. ജീവിതത്തിലെ ക്ഷണികമധുരങ്ങൾതേടിയുള്ള മനുഷ്യന്റെ നായാട്ടുകൾ പിന്നീട് നിഷ്ഫലങ്ങളും നിരർത്ഥകങ്ങളുമാണെന്ന്






ഷിജി പറപ്പള്ളിയാത്ത്

ചരിത്രം തെളിയിക്കുന്നത് ഏസാവിൽ നമുക്കു കണ്ടെത്താം (ഉല്പ 25,34). നന്മയും തിന്മയും നിറഞ്ഞ ജീവിതങ്ങൾ രക്ഷാകരചരിത്രത്തിന്റെ ഭാഗമാണ്. ഏസാവും ദൈവത്തിന്റെ മകൻതന്നെ: വീണ്ടുവിചാരങ്ങൾ ഇല്ലാത്തവൻ. അതുവഴി സംഭവിക്കാവുന്ന ഭാവിദോഷങ്ങൾ ഭോജനപ്രിയൻ ചിന്തിച്ചില്ലെന്നു മാത്രം.

ഇസഹാക്കിനു പ്രായമായി, കണ്ണിനു കാഴ്ച കുറഞ്ഞു. അദ്ദേഹം മൂത്തമകൻ ഏസാവിനെ വിളിച്ച് വേട്ടയാടി രുചികരമായ കാട്ടിറച്ചി കൊണ്ടുവരാൻ പറയുന്നു. പിതാവിന്റെ അന്ത്യാശീർവാദത്തിനുള്ള ക്രമീകരണങ്ങൾ അവൻ ഒരുക്കാൻതുടങ്ങി. ഇതു രഹസ്യമായി കേട്ട അവന്റെ അമ്മതന്നെ പിതാവിന്റെ അനുഗ്രഹം തട്ടിമാറ്റി അനുജനു കൊടുക്കാൻ തന്ത്രം മെനയുന്നു (ഉല്പ 27). അമ്മയുടെ നിർദ്ദേശപ്രകാരം യാക്കോബു കൊടുത്ത ഭക്ഷണവും കഴിച്ച് പിതാവ് അവനെ അനുഗ്രഹിച്ച വിവരം ഏസാവ് അറിയുന്നു. അനുഗ്രഹം നഷ്ടപ്പെട്ട ഏസാവ് താൻ ഒറ്റപ്പെട്ടു എന്നു ചിന്തിക്കുന്നു; കബളിപ്പിക്കപ്പെട്ടവന്റെ മനസ്സിൽ പ്രതികാരചിന്തകൾ ഉയരുന്നു. പിതാവിന്റെ മുമ്പിൽ എന്തെങ്കിലും അനുഗ്രഹം ബാക്കിയുണ്ടോ എന്നു കേഴുന്ന ഏസാവ്... അവന്റെ ആത്മഗതം ഇപ്രകാരമാണ്: “പിതാവിനെപ്പറ്റി വിലപിക്കാനുള്ള ദിവസങ്ങൾ അടുത്തുവരുന്നു. അപ്പോൾ ഞാൻ അവനെ കൊല്ലും” (ഉല്പ 27,41). നിരാശയിലേക്ക് നിപതിക്കുന്ന ഏസാവ് മാതാപിതാക്കൾക്ക് ഇഷ്ടമില്ലാത്ത രണ്ടു ഹിത്യസ്ത്രീകളെ വിവാഹം കഴിക്കുന്നു. അത് കുടുംബത്തിന്റെ വേദനയ്ക്കും തകർച്ചയ്ക്കും കാരണമാകുന്നു. പാപത്തിൽനിന്നും പാപത്തിലേക്കുള്ള പതനം.

ഒരു അമ്മയുടെ വക്രബുദ്ധി നോക്കുക. ഒരു മകനെയും ഭർത്താവിനെയും കബളിപ്പിച്ചതു പോരാ, മറ്റേ മകനു രക്ഷപെടാനുള്ള വഴിയും ഒരുക്കുന്നു. തന്റെ അമ്മാവന്റെ പക്കലേക്ക് ഓടി രക്ഷപെട്ട യാക്കോബ് വിപ്രവാസത്തിന്റെ പഴക്കത്താൽ തഴക്കം വന്നവനായി ഏസാവിന്റെ പക്കലേക്ക് തിരികെവരുന്നു. സഹോദരപ്രീതി നേടാൻ തന്റെ സമ്പത്തിന്റെ സിംഹഭാഗവുമായിട്ടാണ് ഏസാവിന്റെ പക്കലേക്കു വരുന്നത്. തനിക്കുമുമ്പേ ദൂതന്മാരെ അയയ്ക്കുന്ന യാക്കോബിനെ സ്വീകരിക്കാൻ ഏസാവാകട്ടെ നാനൂറ് ആളുകളുടെ അകമ്പടിയോടെ എത്തുന്നു. സഹോദരനോടു ക്ഷമിക്കുന്ന ഏസാവ്. ഒരിക്കൽ അവനെ കൊല്ലുമെന്നു പറഞ്ഞവൻ ഓടിച്ചെന്ന് യാക്കോബിനെ കെട്ടിപ്പിടിച്ച് ചുംബിക്കുന്നു (ഉല്പ 33,4). ഭീതിയുടെ നിഴലുകൾ സഹോദരഹൃദയത്തിൽനിന്ന് അകറ്റുന്ന ഏസാവിന്റെ പ്രവൃത്തി മഹനീയംതന്നെ. നീണ്ട വർഷങ്ങളിലൂടെ ജീവിതപരിവർത്തനം വന്ന ഏസാവ് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു (ഉല്പ 36). ഏദോമിന്റെ സന്തതിപരമ്പരയും സമ്പത്തും നമുക്ക് അതിൽ ദർശിക്കാം. കുറവുകളിലും വിട്ടുമാറാത്ത ദൈവസ്നേഹമാണ് ഇവിടെ കാണുക.

ഏസാവ് പറയുന്നു:

- ഭൗതികകാര്യങ്ങൾക്കുവേണ്ടി ആദ്ധ്യാത്മികകാര്യങ്ങളിലുള്ള അവഗണന മനുഷ്യപാപത്തിന്റെ അടിസ്ഥാനമാണ്.
- മധുരിക്കുന്ന ക്ഷണികസുഖത്തിനുമപ്പുറം ദൈവത്തിന്റെ കൃപകളോടു ചേർന്നുനില്ക്കുക.
- നിരാശകൾ, പ്രതികാരചിന്തയിലേക്കല്ല; പ്രതീക്ഷകളിലേക്ക് കണ്ണുതുറക്കാൻ പഠിപ്പിക്കണം.



# കാവലാൾ–19

ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

മധ്യവേനലവധിക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം ശാലയിലെ പല കുട്ടികളും സ്വന്തം ഭവനത്തിലേക്ക് പോകും. മിനിക്കുട്ടി സ്റ്റീനായുടെ അടുത്തുവന്നു ചോദിച്ചു: “ചേച്ചിയെ കുഞ്ഞാന്റി വീട്ടിൽ കൊണ്ടുപോകുമോ?”

“ഞാൻ പോവില്ല മോളേ, നിന്റെകൂടെ കാണും. എന്താ സന്തോഷമായോ?”

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സ്റ്റീനായുടെ ക്ലാസ്സിലെ രണ്ടു കുട്ടികൾ അവിടേക്കു വന്നു. സ്റ്റീനാ മിനിക്കുട്ടിയോടു പറഞ്ഞു: “മോളു പൊയ്ക്കോ. ഞാൻ ചേച്ചിമാരോട് ഒന്നു മിണ്ടിയിട്ടുവരാം”.

രഹനയും സിമിയും... ക്ലാസിൽ അധികമാരോടും ബന്ധമില്ലാത്ത, സ്ഥിരമായി പിൻബഞ്ചിലിരിക്കുന്ന, പ്രായത്തിൽ കവിഞ്ഞ വളർച്ചയുള്ള രണ്ടു പെൺകുട്ടികളാണ്. “സ്റ്റീനാ ഞങ്ങൾക്കു ചില കാര്യങ്ങൾ നിന്നോടു പറയാനുണ്ട്. പക്ഷേ, നീയാരോടും പറയരുത്”.

ആ കുട്ടികൾ അടുത്തുവന്നപ്പോൾമുതൽ ഒരു വല്ലാത്ത ദുർഗന്ധം അവൾക്കനുഭവപ്പെട്ടു. അവർ വിശുദ്ധി ഇല്ലാത്തവരാണെന്ന് അവൾക്കു തോന്നി. പക്ഷേ അവൾ ഒന്നും പറയാതെ അവർക്കൊപ്പം നടന്നു.

രഹന പറഞ്ഞുതുടങ്ങി... “ഞങ്ങൾ നഴ്സറി മുതൽ ഒന്നിച്ചു പഠിച്ചുവന്നവരാണ്. വീടും അടുത്താണ്. ഇപ്പോൾ ഞങ്ങളുടെ പ്രശ്നം....”

“നിങ്ങൾ ഇനി പറയാൻ പോകുന്നത് എനിക്കറിയാം. പക്ഷേ എന്റെ മനസ്സിൽ വരുന്നത് ഞാൻ പറയട്ടെ. ദൈവം വസിക്കുന്ന വീടാണ് നമ്മുടെ ശരീരം. ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധി നമ്മൾ പാലിക്കണം. നിങ്ങൾ രണ്ടു പെൺകുട്ടികൾ അരുതാത്ത കാര്യങ്ങൾ ഏറെ ചെയ്തു. ശരിയല്ലേ?”



“സ്റ്റീനാ ഇപ്പോൾ ഞങ്ങൾക്ക് അതോർത്തു വിഷമമുണ്ട്. ഹിന്ദുക്കളായതുകൊണ്ട് നിങ്ങളെപ്പോലെ കുമ്പസാരിക്കാനൊന്നും പറ്റത്തില്ലല്ലോ”.

“ദൈവം ജാതിയും മതവുംനോക്കി സ്നേഹിക്കുന്നവനല്ല. നിങ്ങൾ യഥാർത്ഥത്തിൽ ഈ തിന്മയിൽനിന്ന് അകലാനാഗ്രഹിക്കുന്നുവെങ്കിൽ ഞാൻ നിങ്ങളെ ഗൊരേത്തിയമ്മ യുടെ അടുത്തു കൊണ്ടുപോകാം. അമ്മ എല്ലാം ശാന്തമായി കേൾക്കും. നിങ്ങൾ എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞുതരികയും ചെയ്യും”.

“ഉവ്വ്. ഞങ്ങൾ വരാം. പക്ഷേ സ്റ്റീനാ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാമോ?”

“തിന്മയിൽനിന്നു രക്ഷപെടാൻ ആത്മാർത്ഥമായി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളെ സഹായിക്കാൻ ദൈവം അവിടുത്തെ മാലാഖമാരെ അയയ്ക്കും”.


സ്റ്റീനാ അവരെ ഗൊരേത്തിയമ്മയുടെ അടുത്തുകൊണ്ടുപോയി. അവർ സംസാരിച്ച സമയമത്രയും സ്റ്റീനാ ചാപ്പലിൽ കൈവിരിച്ചുപിടിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അര മണി ക്കൂർസമയം ആ കുട്ടികൾ ഗൊരേത്തിയമ്മയോടു സംസാരിച്ചു. അവർ ജീവിതത്തിൽ ചെയ്ത തെറ്റുകൾ ഗൊരേത്തിയമ്മയോടു പറഞ്ഞു കഴിഞ്ഞപ്പോൾ ഏതോ ശാന്തത അവരെ വലയം ചെയ്തു. അവർ ആ മുറിയിൽനിന്ന് ഇറങ്ങിവന്ന് സ്റ്റീനായെ അന്വേഷിച്ചു. ചാപ്പലിൽ കാണു മെന്ന് മിനിക്കുട്ടി പറഞ്ഞതുകൊണ്ട് അവർ അവിടേക്കു ചെന്നു. സ്റ്റീനാ കൈകൾ ഉയർത്തി പ്രാർത്ഥിച്ചുകൊണ്ട് അവിടെയുണ്ടായിരുന്നു. അവളുടെ കണ്ണുകളിൽനിന്ന് ഒഴുകിയിറങ്ങിയ കണ്ണീർ അവൾ ധരിച്ചിരുന്ന ഷാളിനെ മുഴുവൻ നനച്ചിരുന്നു.


ആ പെൺകുട്ടികൾ സ്റ്റീനായ്ക്കൊപ്പം ചാപ്പലിൽ മുട്ടുകുത്തി. അവരുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ചാപ്പലിൽനിന്നു പുറത്തുവന്നപ്പോൾ അവർ ഹൃദ്യമായി അവളെനോക്കി ചിരിച്ചു.

അന്ന് ഒരു പരീക്ഷകൂടി അവർക്കുണ്ടായിരുന്നു. പരീക്ഷ കഴിഞ്ഞ് ക്ലാസ് ടീച്ചർ അവരെ ഒരുമിച്ചുകൂട്ടി ഉപദേശങ്ങൾ നല്കി. അതുകഴിഞ്ഞപ്പോൾ ടീച്ചർ സ്റ്റീനായെ വിളിച്ചു: “സ്റ്റീനാ, നീ നമ്മുടെ ക്ലാസിനുവേണ്ടിയും ഈ സ്കൂളിനുവേണ്ടിയുമൊന്നു പ്രാർത്ഥിക്ക്”.

മടിച്ചാണെങ്കിലും അവൾ ആ ദൗത്യം ഏറ്റെടുത്തു. പ്രാർത്ഥന തുടങ്ങി അല്പം കഴി ഞ്ഞപ്പോൾ ആ ക്ലാസിൽ സുഗന്ധാഭിഷേകമുണ്ടായി. സ്റ്റീനായുടെ നാവു കുഴഞ്ഞു. ബോധ മറ്റ് അവൾ വീണു. പക്ഷേ അവളുടെ കൈകളിൽനിന്നും പ്രത്യേക മണമുള്ള എണ്ണ ഒഴു കിവന്നു. ജീവിതത്തിലാദ്യമായി ഇങ്ങനെയൊരു അനുഭവത്തിന് സാക്ഷികളായ ആ കുട്ടി കൾ എല്ലാവരും അവിടെ മുട്ടുകുത്തി. ദൈവപദ്ധതികൾ മനുഷ്യബുദ്ധികൊണ്ട് അളക്കാ നാവുമോ...

(തുടരും)





**പിതൃമൊഴി**

*"ശരിയായവിധം ജീവിതലക്ഷ്യം സാക്ഷാ ത്കരിക്കണമെങ്കിൽ വലിയ കാര്യ ങ്ങൾമാത്രം തേടാതെ നമ്മുടേതായ ലോകം ഉപേക്ഷിച്ച്, ഈശോയെപ്പോലെ താഴേക്കിറങ്ങുവാൻ കഴിയണം"*

# താണനിലത്തേ നീരോട്ടൂ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മനുഷ്യജീവിതം ശ്രേഷ്ഠമായിത്തീരുന്നത് ജീവിതം തന്നവന്റെ അഭീഷ്ടമനുസരിച്ച് മറ്റുള്ളവരുടെ ഉപരി നന്മയ്ക്കും സേവനത്തിനുമായി അതു സമർപ്പിക്കുമ്പോഴാണ്. ലോകത്തിന്റെ രക്ഷയ്ക്കും നന്മയ്ക്കുമായി ഒരു ദൈവം മനുഷ്യരുടെ ഇടയിൽ തന്റെ കൂടാരമടിക്കുവാൻ, അവനോടുകൂടെ എപ്പോഴുമായിരിക്കുവാൻ മനസ്സായതിന്റെ ഓർമ്മയാചരണമാണ് ക്രിസ്തുമസ്: വലിയവൻ ഏറ്റവും ചെറുതാകുന്നു, കുഞ്ഞായിത്തീരുന്ന അസുലഭ മുഹൂർത്തം. എല്ലാ ജനതകൾക്കും സന്തോഷത്തിനു നിദാനമായി മാറി ഈശോയുടെ ജനനം. ഒരു കുഞ്ഞിന്റെ സാന്നിദ്ധ്യം ഏതു നോവിന്റെ കടലാഴങ്ങളിലും നിരാശയുടെ മേഘപടലങ്ങളിലും സംഘർഷഭരിതമായ മനോവ്യാപാരങ്ങളിലും സന്തോഷത്തിന്റെ നിലാവെട്ടം പകരുന്നുണ്ട്. നിഷ്കളങ്കതയുടെ ബാല്യങ്ങളെ സ്നേഹിക്കാത്തവരായി, അവരുടെ ലോകത്തെ കൗതുകത്തോടെ നോക്കിക്കാണാത്തവരായി നമ്മിൽ ആരുംതന്നെ ഉണ്ടെന്നു കരുതാനാവില്ല. ജാള്യതയും പൊയ്മുഖങ്ങളുമില്ലാതെ എല്ലാവരെയും സമീപിക്കാനും സന്തോഷിപ്പിക്കാനും കുഞ്ഞുങ്ങൾക്കു സാധിക്കും. 'നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെയാകുവിൻ' എന്ന് ഈശോ പറയുന്നു. ഈശോയുടെ മനുഷ്യാവതാരം ലോകത്തിനു മുഴുവൻ സന്തോഷം പകരുന്ന സദ്വാർത്തയായത് അവിടുന്ന് ദൈവസമാനത മുറുകെപ്പിടിക്കാതെ ബലിദാനമായി തന്നെത്തന്നെ നല്കിയതുകൊണ്ടാണ്.

ജീവിതം സൗഭാഗ്യകരമാക്കാനും ദീർഘായുസ്സുണ്ടാകാനുമുള്ള കുറുക്കുവഴി അമേരിക്കയിലെ റട്ഗർസ് യൂണിവേഴ്സ്റ്റിയിലെ ആഷ്ലി മൊണ്ടേഗ് എന്ന നരവംശശാസ്ത്രജ്ഞൻ നിർദ്ദേശിക്കുന്നത് ശ്രദ്ധിക്കുക: "യുവത്വം ചിന്തയിൽ പുലർത്തുക, യൗവനം താനേ വന്നുകൊള്ളും". പ്രായം എത്രയധികമായാലും കുട്ടികളെപ്പോലെയോ യുവാക്കളെപ്പോലെയോ പ്രസരിപ്പോടെ ചിന്തിക്കാനും പ്രവർത്തിക്കാനും തയ്യാറായാൽ ജീവിതം സൗഭാഗ്യപ്രദവും ആയുസ്സ് ദീർഘവുമാക്കാമെന്നാണ് ആഷ്ലി പറയുന്നത്. മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരുക, വിനോദങ്ങളിലേർപ്പെടുക, പാട്ടു പാടുക, കഥ കേൾക്കുക, നൃത്തം ചെയ്യുക ഇവയൊക്കെ കുട്ടികൾക്കു പ്രിയങ്കരമാണ്. പ്രായമായവർ ഇവയൊക്കെ ബാലിശമായ കാര്യങ്ങളായി തള്ളിക്കളയണമെന്ന് ചിലർ ചിന്തിക്കുന്നു. പക്വതയുടെ കുറവായിട്ടാണ് ഇങ്ങനെയുള്ളവർ അതിനെ കാണുന്നതും കരുതുന്നതും. എന്തിലും ഏതിലും ജിജ്ഞാസുക്കളായ കുഞ്ഞുങ്ങളുടെ നിഷ്കളങ്കതയും ഭാവനകളും നീക്കിക്കളഞ്ഞാൽ മനസ്സു മുരടിക്കുകമാത്രമല്ല, ആ മുരടിപ്പ് ശരീരകോശങ്ങളെയും ബാധിക്കുമെന്ന് ആധുനികശാസ്ത്രം വ്യക്തമാക്കുന്നു.

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ ശിശുക്കൾക്കു തുല്യരാകണമെന്നാണല്ലോ ഈശോയുടെ ഉദ്ബോധനം. സ്വർഗ്ഗം മാത്രമല്ല പ്രപഞ്ചംപോലും സാർത്ഥകമായി കരസ്ഥമാക്കാൻ കുഞ്ഞുങ്ങളുടെ മനോഭാവമുണ്ടാകണം. കുട്ടികളെപ്പോഴും പ്രസരിപ്പും സന്തോഷവുമുള്ളവരായി കാണപ്പെടുന്നു. അവർ ഭാവിയോർത്ത് ഉത്ക്കണ്ഠപ്പെടുന്നില്ല; വർത്തമാനവും ഭൂതവുമോർത്ത് നിരാശരാകുന്നില്ല. എല്ലാം തങ്ങളുടെ മാതാപിതാക്കളിൽ സുരക്ഷിതമാണെന്ന് അവർ വിശ്വസിക്കുന്നു. കുഞ്ഞുങ്ങളുടെ മനോഭാവങ്ങൾ കൈവരിക്കാൻ പ്രാപഞ്ചികദർശനം മാത്രമുള്ള ഒരുവന് സാധിച്ചെന്നു വരില്ല. എന്നാൽ, ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളെ സംബന്ധിച്ച് വ്യത്യാസമുണ്ട്. സുഖവും ദുഃഖവും ഭാവിഭാഗധേയങ്ങളും ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ ദൈവത്തിലർപ്പിച്ച് തികഞ്ഞ സന്തോഷത്തോടെ നിലകൊള്ളുവാൻ അവനു കഴിയും. സുഖവും ദുഃഖവും ഭൂതവും ഭാവിയും എല്ലാം ദൈവം എന്ന ഏക കേന്ദ്രത്തിൽ അവൻ സമർപ്പിക്കുന്നു. അതുകൊണ്ട് ഉത്കണ്ഠകളില്ലാതെ ആശ്വാസവും സന്തോഷവും സ്വീകരിച്ച് പ്രസന്നഭാവം ജീവിതത്തിലുടനീളം പുലർത്തുവാൻ അവനു കഴിയും. ജീവിതം ധന്യവും ദീപ്തവും സുദീർഘവുമാക്കാൻ തെളിമയാർന്ന, പ്രസാദാത്മകമായ വീക്ഷണം നാം ഉൾക്കൊള്ളേണ്ടതുണ്ട്. വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പറയുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്: "അവസാനമായി, സഹോദരരേ സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയുംകുറിച്ച് ചിന്തിക്കുവിൻ" (4,8).

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നവനാണ്. നമ്മുടെ ബാഹ്യമായ അടയാളങ്ങളിലും ഭാവങ്ങളിലും നിശ്ചയമായും അവിടുന്ന് കുരുങ്ങുന്നില്ല. ഒരു കൊച്ചുകുഞ്ഞിന്റെ വിശ്വാസത്തോടെ തന്റെ വസ്ത്രത്തിന്റെ വിളുമ്പിൽതൊട്ട രക്തസ്രാവക്കാരിയുടെ ഹൃദയം കണ്ട കർത്താവു പറഞ്ഞു: 'ആരോ എന്നെ സ്പർശിച്ചു'. അതെ, നിഷ്കളങ്കതയിലാണ്, ഹൃദയപരമാർത്ഥതയിലാണ് ദൈവം സ്പർശിക്കുക. ഏതു ആൾക്കൂട്ടത്തിലും അവൻ തിരയുന്നത് ഹൃദയത്തിന്റെ ശുദ്ധിയാണ്. നഥാനിയേൽ എന്ന ചെറുപ്പക്കാരനെകണ്ട് അവിടുന്ന് പറഞ്ഞു: 'ഇതാ കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ'.

കാപട്യങ്ങളുടെ ലോകം നമുക്കുചുറ്റും പ്രവർത്തനനിരതമാണ്. പിഞ്ചുപൈതലിന്റെ നൈർമ്മല്യം ഹൃദയത്തിലേറ്റു വാങ്ങുമ്പോഴാണ് അപരന്റെ നെഞ്ചിലെ വികാരങ്ങളെ, സ്വപ്നങ്ങളെ, ആഗ്രഹങ്ങളെയൊക്കെ വിടർന്ന മിഴികളോടെ, വിശുദ്ധ വിചാരങ്ങളോടെ ഉൾക്കൊള്ളാൻ നമുക്കു കഴിയുക. ഈശോ ഏറ്റവുമധികം വിലമതിക്കുന്നതും ഒരു കുഞ്ഞിന്റെ ഹൃദയഭാവമാണെന്നത് നമുക്കോർക്കാം. മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരായി കരുതുക. താഴ്മയോടെ താഴേക്കു നോക്കുക, ദൈവം നമ്മെ ഉയർത്തും സ്വർഗ്ഗത്തിന്റെ ചാരുതയിലേക്ക്.

# ദൈവത്തിന്റെ വിശുദ്ധ താരങ്ങൾ

**നെവിൻ മങ്ങാട്ട്**

**ഉ**ണ്ണീശോയ്ക്കു ഹൃദയത്തിൽ വാസമൊരുക്കുവാൻ പ്രകൃതിയും മനുഷ്യനും ഒന്നുപോലെ ഒരുങ്ങുന്ന കാലം. ഇതു മഞ്ഞുകണങ്ങളുടെ സുന്ദരകാലം... സ്വർഗ്ഗം വിട്ടിറങ്ങിയവനെ വരവേല്ക്കാൻ ഓരോ പ്രഭാതത്തിലും മഞ്ഞുകണങ്ങളാൽ ഭൂമി സ്വയം അലംകൃതയാവുകയാണ്. സുന്ദരമായ വസന്തം ഭൂമിയെ പൊതിയുന്നു. താരകങ്ങൾ കണ്ണുചിമ്മി കാത്തിരിക്കുന്നു... പ്രകൃതി ഇങ്ങനെയെങ്കിൽ ദൈവകരവേലയായ മനുഷ്യൻ അവന്റെ സ്രഷ്ടാവിനായി എത്രമാത്രം ഒരുങ്ങി കാത്തിരിക്കണം...! ഇന്ദ്രിയനിഗ്രഹം വഴിയും ആശയടക്കങ്ങളിലൂടെയും പരിത്യാഗ, പ്രായശ്ചിത്തകൃത്യങ്ങൾ മുഖേനയും തപശ്ചര്യവഴിയും ഉണ്ണിയെ എന്നും ഹൃദയത്തിലും ജീവിതത്തിലും പേറിയ വിശുദ്ധാത്മാക്കൾ വർദ്ധിച്ച തീക്ഷ്ണതയോടെ പിൻചെന്ന വിശുദ്ധിയുടെ പടവുകളെ നമ്മുടെ ജീവിതത്തോടു ചേർക്കാം.



വി. അൽഫോൻസ് ലിഗോരി പറയും, വിശുദ്ധരാകാൻവേണ്ടി നാം ചെയ്യേണ്ട എല്ലാറ്റിന്റെയും സാരാംശം ആത്മപരിത്യാഗം എന്ന ഒറ്റവാക്കിൽ അടങ്ങിയിട്ടുണ്ട് എന്ന്. നാം സ്വയം ആഗ്രഹിക്കുന്നതുപോലെയല്ല, ദൈവം ആഗ്രഹിക്കുന്നതുപോലെ നാം ദൈവത്തെ സ്നേഹിക്കണം.



ദൈവസ്നേഹത്തെപ്രതി ഭോജനപ്രിയത്തെയും ജഡാഭിലാഷങ്ങളെയും കഠിനപരിശ്രമംവഴി വിശുദ്ധാത്മാക്കൾ നിയന്ത്രിച്ചിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് സ്വന്തം ശരീരത്തെ കഠിനമായി ശിക്ഷിച്ചുകൊണ്ട് പരിത്യാഗം അനുഷ്ഠിച്ചിരുന്നു. രുചിയുള്ള ഭക്ഷണംകൊടുത്താൽ അല്പം ചാരമോ വെള്ളമോ കലർത്തി രുചി കുറച്ചതിനുശേഷമേ ഭക്ഷിച്ചിരുന്നുള്ളു. തറയിലായിരുന്നു കിടപ്പ്. തലയിണയ്ക്കുപകരം ഒരു തടിക്കഷണമോ പാറക്കല്ലോ ഉപയോഗിച്ചിരുന്നു.



വി. എവുപ്രാസ്യാമ്മ ഭക്ഷണത്തോടുള്ള താല്പര്യത്തെ കർശനമായി നിയന്ത്രിച്ചിരുന്നു. മത്സ്യം, മാംസം, മുട്ട, പാൽ എന്നിവ ഉപേക്ഷിച്ചിരുന്നു. ആഴ്ചയിൽ രണ്ടോ മൂന്നോ ഉപവാസദിനങ്ങൾ... മധുരപല

ഹാരങ്ങളും പഴങ്ങളും ക്ഷീണിതരായ സഹോദരങ്ങൾക്കു നല്കുകയും ഈശോയ്ക്കായി ആത്മാക്കളെ നേടുകയും ചെയ്തുപോന്നു.



പരിശുദ്ധ ത്രിത്വത്തിന്റെ വാഴ്ത്തപ്പെട്ട എലിസബത്ത് ഇങ്ങനെ ഉപദേശിക്കുന്നു: "മറ്റുള്ളവരുടെ ശ്രദ്ധയിൽപെടാതെ ഓരോ ദിവസവും ഏതാനും പരിത്യാഗപ്രവൃത്തികൾ ചെയ്യുക. ഒരു മണിക്കൂറിൽ ഏറ്റവും കുറഞ്ഞത് ഒരു പരിത്യാഗപ്രവൃത്തി''. സ്വർഗത്തോടടുക്കുവാൻ ഏറ്റവും നല്ലതും നവീനവുമായ മാർഗ്ഗം...



വി. ചെറുപുഷ്പം തന്റെ ജീവിതത്തിൽ ചില കർശനനിയന്ത്രണങ്ങൾ ഈശോയെപ്രതി നടത്തിയിരുന്നു. 'എന്തിനും ഏതിനും ഉടനടി ശേഷം പറയുക', 'എടുത്തുചാടി പറയുക' എന്ന പ്രവണതയെ അവൾ കർശനമായി നിയന്ത്രിച്ചു കീഴടക്കിയിരുന്നു. ചെറിയ ചെറിയ സ്നേഹപ്രവൃത്തികൾ സ്വയം ശീലിച്ചിരുന്നു. ഇരിക്കുമ്പോൾ പുറംചാരാതെയിരിക്കുക എന്ന പരിത്യാഗപ്രവൃത്തി മരണംവരെ ആരും അറിയാതെ അനുഷ്ഠിച്ചുപോന്നു.



വി. അഗസ്റ്റിൻ പറയുന്നു: "ഒരാൾ വികാരങ്ങളെ തൃപ്തിപ്പെടുത്താൻ എത്ര കുറച്ച് ഇച്ഛിക്കുന്നുവോ അത്രയും കൂടുതൽ അയാൾ ദൈവത്തെ സ്നേഹിക്കുന്നു.

വിശുദ്ധിക്കെതിരെ തെല്ലു ചിന്തവന്നാൽ



മഞ്ഞുകാലമാണെങ്കിൽ വി. റീത്താ പുണ്യവതി മഠത്തിനു വെളിയിൽ പൂന്തോട്ടത്തിൽ ചെന്ന് മുട്ടുകുത്തി നില്ക്കും. ചിലപ്പോൾ കൈവിരലുകൾ പൊള്ളിച്ചിരുന്നു. മൂന്നു തരം ചമ്മട്ടികൾ അവൾ ഉപയോഗിച്ചിരുന്നു. അവ പ്രത്യേക നിയോഗംവച്ച് ദണ്ഡനങ്ങൾ ഏല്ക്കാൻ ഉപയോഗിച്ചിരുന്നു - ശുദ്ധീകരണാത്മാക്കൾക്കായും പാപികളുടെ മാനസാന്തരത്തിനായും സഭാംഗങ്ങളുടെ വിശുദ്ധീകരണത്തിനായും.



സമർപ്പിക്കപ്പെടാതെപോകുന്ന സഹനങ്ങളും ത്യാഗങ്ങളും ഫലമണിയുന്നില്ല എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന വിശുദ്ധാത്മാവായ വി. പാദ്രേ പിയോയുടെ ആത്മീയവളർച്ച കഠിനമായ തപശ്ചര്യയുടെ പിൻബലത്തിലായിരുന്നു. ചാട്ടവാറടി, മുള്ളരഞ്ഞാണം ധരിക്കൽ, ഉപവാസം എന്നിവ പതിവായിരുന്നു. അനുദിനം നേരിടേണ്ടിവരുന്ന ശാരീരിക അസ്വസ്ഥതകളും രോഗങ്ങളും ആത്മാക്കളുടെ രക്ഷയ്ക്കായി സ്നേഹപൂർവ്വം സ്വീകരിച്ച് സമർപ്പിക്കുകവഴി വി. പാദ്രേ പിയോയുടെ ജീവിതം വിശുദ്ധിയുടെ ഔന്നത്യങ്ങളിലേക്കുള്ള ഉയർച്ചയ്ക്കു കാരണമായി.

വിശുദ്ധിയുടെ വിജയവഴികളിൽ ചുവടുറപ്പിക്കുവാൻ, സ്വർഗ്ഗം കൂട്ടിനുണ്ടാകുവാൻ, ഉണ്ണീശോ ഹൃദയത്തിൽ ഇടം പിടിക്കുവാൻ, ജീവിതം രക്ഷകന്റെ വാസസ്ഥലമാകുവാൻ അവിരാമം തുടരേണ്ട വിശുദ്ധിയുടെ സുകൃതവഴികളെ നമുക്കും കണ്ടെടുക്കാം. സ്നേഹത്തോടെ, ആനന്ദത്തോടെ മുന്നേറാം. നമ്മുടെ

ജ്യേഷ്ഠസഹോദരങ്ങളായ വിശുദ്ധരോട് മാദ്ധ്യസ്ഥ്യം യാചിക്കാം. അല്ലയോ ദൈവത്തിന്റെ വിശുദ്ധ താരങ്ങളേ, നിങ്ങൾ പിൻചെന്ന ആത്മപരിത്യാഗത്തിന്റെ പാത ഞങ്ങൾക്ക് അജ്ഞേയം! ഞങ്ങളുടെ ഹൃദയങ്ങളിൽ ദൈവികജ്ഞാനം നിറച്ച് പരിത്യാഗത്തിന്റെ ഉൾപ്പൊരുൾ ഗ്രഹിക്കാൻ കൃപ നല്കിയാലും.

# നാഥനു സ്തുതി




അനിത ആത്രശ്ശേരിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്


അംബരമൂഴിയും ആഴിയും പാടുന്നു
അഖിലം വിരചിച്ച നാഥനു കീർത്തനം
തംബുരു താളമേളങ്ങളോടൊപ്പമായ്
ഹൃത്തടം തന്നിലുയരും സ്തുതിയതും

പാരിടം മഞ്ഞുപുതപ്പുപുതച്ചിതാ
പാവനനാഥനു വീഥിയൊരുക്കുന്നു
പാപം പരിഹൃതമാക്കുവാനുന്നത
നാഥനിറങ്ങുന്നു മാനവരൂപത്തിൽ

മന്നിന്റെ മാലുകളേറ്റു വാങ്ങിടുവാൻ
മന്നവനീശോ പിറന്നു പുൽക്കൂട്ടിലായ്
മാനവദാരിദ്ര്യമെല്ലാമകറ്റി - തൻ
താതന്റെ സന്നിധേ ചേർത്തുനിർത്തീടുവാൻ

ലോകസുഖത്തിന്റെ പാത വെടിഞ്ഞിടാൻ
ലോകൈക നാഥന്റെ വചനം ശ്രവിച്ചിടാം
ലോകത്തിൻ ദീപവും മാർഗ്ഗവുമായവൻ
ലോകസമാധാനം ജീവനുമെന്നുമേ

ഞാനെന്ന ഭാവവും വ്യർത്ഥമോഹങ്ങളും
നാഥന്റെ സന്നിധേ പൂർണ്ണമായർപ്പിച്ച്
ചിന്തയും വാക്കും പ്രവൃത്തിയും സ്നേഹത്താൽ
നാഥന് കാഴ്ചയായർപ്പിക്കാം സാദരം

പാവനാത്മാവേ വരണമേ ഹൃത്തതിൽ
ഉന്നതനീശോയ്ക്കു ഗേഹമൊരുക്കുവാൻ
സോദരസ്നേഹവും ഐക്യവും കാത്തിടാൻ
ദാനവരങ്ങളാലെന്നെ നിറയ്ക്കണേ.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഒരു പുതിയ ആരാധനാവർഷത്തിന് ആരംഭംകുറിച്ചുകൊണ്ട്, ആരാധനാവത്സരത്തിന്റെ ആദ്യത്തെ കാലമായ മംഗളവാർത്തക്കാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോയുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള നാല് ആഴ്ചകളാണ് ഈ കാലത്തിനുള്ളത്. മിശിഹായുടെ മനുഷ്യാവതാരംവഴി മനുഷ്യവർഗ്ഗത്തിന് കരഗതമായ സമാധാനവും പ്രത്യാശയും ഓരോരുത്തരും സ്വായത്തമാക്കി, മിശിഹായുടെ സാക്ഷികളും പ്രേഷിതരുമായിത്തീരുവാൻ മംഗളവാർത്തക്കാലത്തിലെ വിശുദ്ധഗ്രന്ഥവായനകളും ആരാധനക്രമപ്രാർത്ഥനകളും സഹായകമായിത്തീരണം. അപ്രകാരം വിശുദ്ധഗ്രന്ഥവായനകളും പ്രാർത്ഥനകളും വിശദീകരിച്ചുകൊടുത്ത് ദൈവജനത്തെ ബോധവൽക്കരിക്കുവാൻ നമുക്കു പരിശ്രമിക്കാം. പിറവിത്തിരുനാൾ മംഗളാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2019 സെപ്റ്റംബർ മാസം 24-ാം തീയതി ജനറൽ മേജർ ഫാദർ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ താമരശ്ശേരിയിലെ 'പ്രസ്ബിത്തേരിയം' സമ്മേളനത്തിലും വൈദികരുടെ പ്രാർത്ഥനാകൂട്ടായ്മയിലും സെനക്കിൾ ആദ്ധ്യാത്മികതയെപ്പറ്റി സംസാരിച്ചതിന്റെ ഫലമായി, ആ രൂപതയിൽനിന്നുള്ള പത്ത് ബഹു. വൈദികർ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളാകുവാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. അവർ അതിനാവശ്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. 2019 നവംബർ 18 മുതൽ 20 വരെ മാൾട്ടായിൽ വച്ചു നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിൽ പ്രസ്തുത അപേക്ഷകൾ പരിഗണിക്കുകയും ഇതു സംബന്ധിച്ചുള്ള തീരുമാനമെടുക്കുകയും ചെയ്തു. ഈ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നവംബർ 15-ാം തീയതി റോമിലേക്കു പോയ ബഹു. മല്പാനച്ചൻ, 18-ാം തീയതി മാൾട്ടായിലേക്കു പോയതിനുശേഷം 25 ന് ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ആരാണ് അനാഥർ?

ഷിനി തെരേസ് മുതുപ്ലാക്കൽ

“അനാഥമന്ദിരങ്ങളിൽ താമസിക്കുന്നവരെല്ലാമാണ് അനാഥർ എന്നാണ് എല്ലാവരുടെയും ചിന്ത. രക്തബന്ധങ്ങളുടെ കെട്ടുപാടുകളില്ലെങ്കിലും സ്നേഹബന്ധങ്ങളുടെ ഇഴയടുപ്പം അനുഭവിക്കുന്നവരാണവർ. പെറ്റമ്മയെക്കാളധികം സ്നേഹിക്കുന്ന പോറ്റമ്മമാരുടെ സ്നേഹം നുകരുന്നവർ. പല ഗർഭപാത്രങ്ങളിൽ ഉരുവായവരാണെങ്കിലും ഒരു കൂരയ്ക്കുകീഴിൽ സാഹോദര്യസ്നേഹം പങ്കുവയ്ക്കുന്നവർ... അവർ ഒരിക്കലും അനാഥരല്ല”.

സീനിയർ സിറ്റിസൺസ് ഫോറത്തിന്റെ ഇപ്രാവശ്യത്തെ ക്രിസ്മസ്സ് ആഘോഷം ഒരു അനാഥാലയത്തിലാക്കാം എന്ന നിർദ്ദേശത്തിന്റെ ഭാഗമായിവന്ന ചർച്ചയിലാണ് മാത്യു സാറിന്റെ സ്വരമുയർന്നത്. വികാരഭരിതനായി മാത്യുസാർ തുടർന്നു... “ആരാണ് അനാഥർ...? ഭാര്യയും മക്കളും എല്ലാവരുമുണ്ടായിട്ടും ആർക്കും വേണ്ടാത്തവരായി, കുടുംബമെന്നു വിശേഷിപ്പിക്കാൻ പറ്റാത്ത വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ വീർപ്പുമുട്ടിക്കഴിയുന്നവരാണ് ശരിക്കും അനാഥർ”. നിറഞ്ഞുവരുന്ന കണ്ണുകൾ ആരും ശ്രദ്ധിക്കാതെ പെട്ടെന്നു തുടച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

കാവൽനായുടെ വിലപോലും തനിക്കു വീട്ടിലില്ല എന്ന് മാത്യു സാർ ഒരിക്കൽ പങ്കുവച്ചത് ഓർമ്മവന്നു... അർഹിക്കുന്ന സ്നേഹമോ ആദരവോ പരിഗണനയോ ഭാര്യയും മക്കളും അദ്ദേഹത്തിനു കൊടുക്കാറില്ല. തനിക്കു ലഭിക്കുന്ന പെൻഷൻ തുക പോലും കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് അനുവാദമില്ല. കുടുംബത്തിന്റെ സത്പേര് കളയാതിക്കാൻ പലതും മൗനമായി സഹിക്കുന്ന മാത്യു സാറിന്റെ ഈ അനുഭവം ഒരു ഒറ്റപ്പെട്ട സംഭവമല്ല. സമൂഹത്തിൽ

വലിയ നിലയും വിലയുമുള്ള പല സ്ത്രീ-പുരുഷന്മാരുടെയും അവസ്ഥയാണിത്. മാനസികവ്യഥയനുഭവിക്കുമ്പോഴും മാനക്കേടുണ്ടാവാതിരിക്കാൻ മൗനമവലംബിക്കുന്നവർ...

രക്തബന്ധത്തിന്റെ വേരുകളറ്റവരോ അതോ സ്നേഹബന്ധങ്ങളുടെ വലയത്തിൽനിന്നും അകറ്റപ്പെട്ടവരോ... ആരാണ് അനാഥർ?

ഒപ്പമായിരിക്കാൻ ആരുമില്ലാത്തവരാണ് അനാഥർ. അതുകൊണ്ടുതന്നെ ആരും അനാഥരല്ല. എല്ലാവരും സനാഥരാണ്. "എന്തെന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവ് ദൈവങ്ങളുടെ ദൈവവും നാഥൻമാരുടെ നാഥനും ... ആണ്'' (നിയ 10,17). ''അവൻ നാഥൻമാരുടെ നാഥനും രാജാക്കന്മാരുടെ രാജാവുമാണ്" (വെളി 17,14). "അവനു മേലങ്കിയിലും തുടയിലും എഴുതപ്പെട്ട ഒരു നാമമുണ്ട്: രാജാക്കന്മാരുടെ രാജാവും നാഥൻമാരുടെ നാഥനും'' (വെളി 19,16). നാഥൻമാരുടെ നാഥൻ കൂടെയുള്ളപ്പോൾ എങ്ങനെയാണ് അനാഥത്വം അനുഭവിക്കുക...?



ഈ ലോകത്തിൽവന്നു പിറന്ന നാഥൻമാരുടെ നാഥനായ ദൈവപുത്രൻ വിളിക്കപ്പെട്ടത് "ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ" (മത്താ 1,23) എന്നാണല്ലോ. ഈലോകജീവിതത്തിൽ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അടയാളങ്ങളിലൂടെയും എമ്മാനുവേൽ എന്ന പേര് അന്വർത്ഥമാക്കിയ അവിടുന്ന് ഇന്നും നമ്മോടൊപ്പമായിരിക്കാൻ അപ്പമായി കടന്നുവരുന്നു. വേദനകളിൽ ആശ്വാസമായി, രോഗങ്ങളിൽ സൗഖ്യദാതാവായി, ഏകാന്തതയിൽ സുഹൃത്തായി, പാപങ്ങളിൽ മോചനദ്രവ്യമായി, പ്രലോഭനങ്ങളിൽ അഭയശിലയായി, സംശയങ്ങളിൽ ഉത്തരമായി, പ്രശ്നങ്ങളിൽ രക്ഷകനായി, അങ്ങനെ ജീവിതത്തിലുണ്ടാവുന്ന ഏത് അവസ്ഥയിലും നമ്മോടൊപ്പമായിരിക്കുന്നവനാണവിടുന്ന്.

സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള ജീവിതാവസ്ഥകളിലൂടെ കടന്നുപോകുമ്പോൾ പല മനസ്സുകളിലും ഉയരുന്ന ഒരു ചോദ്യമുണ്ട്. എന്തുകൊണ്ട് ദൈവമിത് അനുവദിക്കുന്നു?

നൊമ്പരപ്പാതകളിലൂടെ സഞ്ചരിച്ചാൽമാത്രമേ അവിടുന്ന് നമുക്കുവേണ്ടി ഏറ്റെടുത്ത സഹനത്തിന്റെ ആഴം അല്പമെങ്കിലും മനസ്സിലാക്കാനാവൂ. അഗ്നിപരീക്ഷകളിലൂടെ കടന്നാൽമാത്രമേ ശുദ്ധിചെയ്ത സ്വർണ്ണംപോലെ തിളങ്ങുന്ന സ്വഭാവത്തിനുടമയാവൂ; അവിടുന്ന് ശുദ്ധീകരിക്കുന്നവനാണെന്ന് നാം തിരിച്ചറിയൂ. വെട്ടിയൊരുക്കലുകളിലൂടെ കടന്നാൽമാത്രമേ നമ്മിൽനിന്നും നല്ല ഫലങ്ങൾ പ്രതീക്ഷിക്കുന്ന അവിടുത്തെ സ്നേഹം നമുക്കു വെളിപ്പെടുകയുള്ളൂ. നമുക്ക് കുറവുകൾ ഉണ്ടെങ്കിലേ നാം ദൈവത്തിൽ ആശ്രയിക്കൂ. അതുകൊണ്ട് ജീവിതത്തിന്റെ ഓരോ നിമിഷവും അവിടുന്ന് നമുക്കുവേണ്ടി ഒരുക്കുന്നതാണെന്ന് മനസ്സിലാക്കി ദൈവഹിതത്തിനു വിധേയപ്പെടുവാൻ നമുക്കു പരിശ്രമിക്കാം.

ദൈവത്തിന്റെ കൂടാരം നമ്മോടുകൂടെയായതാണല്ലോ മനുഷ്യാവതാരം. "ഇതാ, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും" (വെളി 21,3). ദൈവകൂടാരത്തിൽ നമുക്കു വസിക്കാം. ആ കൂടാരത്തണലിൽ ആയിരുന്നാൽമാത്രമേ ദൈവസ്നേഹത്തിന്റെയും പരിപാലനയുടെയും കുളിർമ്മ അനുഭവിക്കാൻ നമുക്കു സാധിക്കൂ. നമ്മുടെയിടയിൽ കൂടാരമടിച്ചവന്റെ കൂടെയാണെപ്പോഴും എന്ന് ഉറപ്പുവരുത്തുകയും ചെയ്യാം.

# ദൈവം കാണിച്ചുതരുന്ന വഴിയേ മാത്രം



മെറിൻ സ്റ്റീഫൻ

**വീ**ടു പെയിന്റു ചെയ്യാൻ തീരുമാനിച്ചതു വലിയ ആശ്വാസമായിരുന്നു. 'ശല്യ'ക്കാരായ ചെറുജീവികളെല്ലാം ഒഴിവായിക്കിട്ടുമല്ലോ. കുഞ്ഞുറുമ്പിനെക്കൊണ്ടായിരുന്നു വലിയ ശല്യം. ടെലിവിഷൻ, കമ്പ്യൂട്ടർ, സ്വിച്ച് ബോർഡ് തുടങ്ങി, അരമില്ലീമിറ്ററിലധികം വ്യാപ്തമുള്ള സകല സ്ഥലവും അവൻ കൈയേറി മുട്ടയിട്ടു. കൈയേറിയതെല്ലാം ഉപയോഗശൂന്യമാക്കുകയും ചെയ്തു. ഒരിടത്തുനിന്ന് ഇറക്കിവിട്ടാൽ മറ്റൊരിടത്ത് അവൻ സ്ഥലം പിടിച്ചിരിക്കും. 'അന്നം കൊണ്ടുവരുന്ന' കുഞ്ഞുറുമ്പാണെന്നും ഐശ്വര്യമാണെന്നുമൊക്കെ കാർന്നോന്മാർ പറഞ്ഞത് തീരെ ദഹിച്ചില്ല.

പെയിന്റിന്റെ ഗന്ധം ശരീരത്തിനു വലിയ അസ്വസ്ഥതയായിരുന്നെങ്കിലും ശല്യക്കാരായ ഉറുമ്പുകളൊക്കെ പോയല്ലോ എന്ന ആശ്വാസം വലിയ സ്വസ്ഥതയായിരുന്നു. ആ സ്വസ്ഥത അധികം നീണ്ടുനിന്നില്ല. രണ്ടു ദിവസങ്ങൾക്കുള്ളിൽ അവർ സ്ഥലത്തെത്തി. നിരനിരയായി, പഴയ വഴികളിൽനിന്ന് അണുവിട വ്യതിചലിക്കാതെ, അതേ സ്ഥലത്തേക്ക്...!

കണ്ടുപഠിക്കണം അവയുടെ ഈ നിശ്ചയദാർഢ്യം... എന്തൊക്കെ പ്രതിബന്ധങ്ങൾ ഉണ്ടായാലും ലക്ഷ്യത്തിലെത്താൻ മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാത്ത കുഞ്ഞുറുമ്പുകൾ...

പുൽക്കൂട്ടിലെ ഉണ്ണിയുടെ അടുത്തേക്കുള്ള യാത്രാമാർഗത്തിലാണല്ലോ നാമീ ദിവസങ്ങളിൽ. പുൽക്കൂട്ടിലേക്കുള്ള യാത്രയിൽ മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതിരുന്ന ആട്ടിടയരും ജ്ഞാനികളുമൊക്കെ അവിടെയെത്തി. അവരുടെ മനസ്സിൽ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു; തങ്ങൾ അറിഞ്ഞവയെല്ലാം കാണണം.

"അവർ അതിവേഗം പോയി" (ലൂക്കാ 2,16) എന്നാണ് ആട്ടിടയന്മാരെപ്പറ്റി സുവിശേഷം പറയുന്നത്. 'പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു' (ലൂക്കാ 2,12) എന്നല്ലാതെ മറ്റൊരടയാളവും അവർക്കു ലഭിച്ചിരുന്നില്ല. കനത്ത അന്ധകാരത്തിന്റെ നടു

വിൽ ഏതു പുൽത്തൊട്ടിയിലും 'തങ്ങൾക്കായി പിറന്ന രക്ഷകനെ' (ലൂക്കാ 2,11) അന്വേഷിച്ചു കണ്ടെത്താൻ അവർ തയ്യാറായിരുന്നു. അവൻ അന്വേഷിച്ചു; കണ്ടെത്തി. കേട്ടവരെല്ലാം വിസ്മയിക്കത്തക്കവിധം തങ്ങളുടെ അനുഭവം അവർ എല്ലായിടത്തും പ്രസിദ്ധപ്പെടുത്തി. തങ്ങൾക്കു ലഭിച്ച അനുഗ്രഹത്തെപ്പറ്റി അവർ ദൈവത്തെ മഹത്ത്വപ്പെടുത്തി. പിന്നീട് അവർ തിരികെപ്പോയി എന്നാണ് സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കാ 2,20). ഈ ഇടയന്മാർ പിന്നീടൊരിക്കലും സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. അവരുടെ ജോലി നമുക്കായി മാറ്റിവച്ചിട്ടെന്നോണം അവർ അപ്രത്യക്ഷരാകുന്നു. ഇനി അവരുടെ ദൗത്യം തുടരേണ്ടത് നമ്മളാണ് - നമ്മുടെ ജീവിതം രക്ഷയുടെ പ്രഘോഷണമായി മാറണം.

ഈശോയെ കാണാൻ ഏറെ ത്യാഗമെടുത്ത ആട്ടിടയന്മാർക്ക് പ്രത്യക്ഷത്തിൽ എന്തെങ്കിലും അനുഗ്രഹം കിട്ടിയതായി സുവിശേഷത്തിൽ പറയുന്നില്ല. ഈ ദർശനത്തിനുശേഷം കഷ്ടപ്പാടും ദുരിതവും നിറഞ്ഞ അവരുടെ ജീവിതം സുഖപ്രദമായി മാറിയില്ല. അദ്ധ്വാനിച്ചു ജോലി ചെയ്യാതെ ജീവിക്കാനുള്ള വരവും ലഭിച്ചില്ല. എന്നാൽ നിത്യമായ ആനന്ദം ഹൃദയത്തിൽ വഹിക്കുന്നവരാകുവാൻ ഉണ്ണിമിശിഹായുടെ ദർശനം അവർക്കിടയാക്കി എന്നത് അവരുടെ വാക്കും പ്രവൃത്തിയും തെളിയിക്കുന്നു. ഈ ആനന്ദമാകട്ടെ ദൈവം നല്കിയതും മനുഷ്യർക്ക് എടുത്തു മാറ്റാനാവാത്തതുമാണ്.

പിറക്കാൻ ഇടം കിട്ടാഞ്ഞിട്ടും നിഷ്കളങ്കമായി ചിരിക്കുന്ന ഉണ്ണീശോയും തങ്ങളുടേതല്ലാത്ത കാലിത്തൊഴുത്തിൽ കുഞ്ഞിനെ കാണാൻ വരുന്നവർക്ക് ഹൃദ്യമായ സ്വീകരണംകൊടുക്കുന്ന പരിശുദ്ധ അമ്മയും യൗസേപ്പിതാവും നമ്മെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട് - ദൈവം പറയുന്ന വഴിയേയാണ് നമ്മുടെ യാത്രയെങ്കിൽ നവ്യമായ സന്തോഷം നമ്മുടെയുള്ളിൽ നിറഞ്ഞിരിക്കും. യാതൊന്നും നമ്മെ അസ്വസ്ഥരാക്കുകയില്ല. എന്തെന്നാൽ ദൈവം നമ്മുടെ കൂടെയുണ്ട്. അവിടുന്നറിയാതെ നമുക്കൊന്നും സംഭവിക്കുകയില്ല. മനുഷ്യർ എങ്ങനെ പ്രതികരിച്ചാലും കർത്താവു നമ്മെ സംരക്ഷിക്കും. സമർത്ഥമായി തങ്ങളെ കബളിപ്പിക്കാൻ ശ്രമിച്ച ഹേറോദേസിന്റെ കൈകളിൽനിന്നും ജ്ഞാനികളെ രക്ഷിച്ചത് ദൈവത്തിന്റെ മാർഗ്ഗത്തോട് അവർ കാണിച്ച അതീവ വിശ്വസ്തതയായിരുന്നല്ലോ. അതിനാൽ ലക്ഷ്യത്തിലേക്കുള്ള യാത്ര ശാന്തമായി നമുക്കു തുടരാം. ഓരോ അനുഭവത്തിലും ദൈവം കൂടെയുണ്ടെന്നത് കണ്ടെത്താം. ഭയപ്പെടേണ്ട, എന്തെന്നാൽ "കർത്താവാണു നിന്റെ കാവൽക്കാരൻ; നിനക്കു തണലേകാൻ അവിടുന്നു നിന്റെ വലത്തുഭാഗത്തുണ്ട്" (സങ്കീ 121,5).





# പര  ഭൂഷണം

**സാബി കോഴിക്കോട്**

**അ**ഞ്ചാറുമാസം മുമ്പ് ഞങ്ങളുടെ വീടിനടുത്ത് ഒരു പുതിയ താമസക്കാർ സ്ഥലം വാങ്ങി വന്നു. പൊതുവേ ശാന്തശീലരായ ചാണ്ടിച്ചായനെയും അന്നാമ്മച്ചിയെയും 4 മക്കളെയും നാട്ടുകാർ പെട്ടെന്ന് അവരിലൊരാളായി സ്വീകരിച്ചു. ചാണ്ടിച്ചായൻ രാവിലെ പറമ്പിലേക്കിറങ്ങും. തനിക്കാവുന്നതുപോലെ എല്ലുമുറിയെ പണിയെടുത്ത് കുടുംബം പോറ്റുന്ന ഒരു സാധാരണ കർഷകൻ... ഒരാഴ്ചയായി ചാണ്ടിച്ചായൻ കൂടുതൽ മൗനത്തിലായി. എന്നും എപ്പോഴും ഒരു നിഴൽപോലെ നടന്നിരുന്ന അന്നാമ്മച്ചിക്ക് ഈ മാറ്റം സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. അന്നാമ്മച്ചിയുടെ അഭ്യർത്ഥനപ്രകാരം ചാണ്ടിച്ചേട്ടന്റെ മൗനരഹസ്യം അറിയുവാൻ ഞാനും തക്കത്തിൽ അടുത്തുകൂടി. കുറച്ചു നാട്ടുവിശേഷങ്ങളൊക്കെ പറഞ്ഞശേഷം ഒരു നീണ്ട ദീർഘനിശ്വാസത്തോടെ അദ്ദേഹം കൂട്ടിച്ചേർത്തു... "പ്രത്യേകിച്ച് ഒന്നുമില്ല കുഞ്ഞേ, ഞാനൊരു ധ്യാനം കൂടി. അതെന്നെ ഒത്തിരി മാറ്റിമറിച്ചു. പരദൂഷണത്തിനുവേണ്ടി സമയം കളയാതെ 'പരഭൂഷണ'ത്തിനുവേണ്ടി അല്പം സമയം മാറ്റിവയ്ക്കാമെന്നൊരു പാഠം കർത്താവെന്നെ പഠിപ്പിച്ചു".

വല്ലാത്തൊരു ആരാധനയോടെ ഞാനാ മനുഷ്യനെ നോക്കി. കഥ ഇങ്ങനെ. ചെറുപ്പത്തിൽ അപ്പനും അമ്മയും നഷ്ടപ്പെട്ട തന്റെ 6 സഹോദരങ്ങളെ ഉന്നതനിലകളിലെത്തിക്കുവാൻ ഒരുപാടു കഷ്ടപ്പെട്ടു ഈ മനുഷ്യൻ. കഴിഞ്ഞ ദിവസം തന്റെ പ്രിയ അനുജന്റെ ഒരു കമന്റ് കേൾക്കുവാനിടയായി... "അയാൾ ഇവിടെയായിരുന്നപ്പോൾ മൊത്തം കുളമാക്കി. ഇവിടെനിന്നു പോയിട്ടും

“നീതിമാന്മാരുടെ അധരം ജീവന്റെ ഉറവയാണ്”
(സുഭാ 10,11).

ഞങ്ങളെ തകർക്കുവാൻ ശ്രമിക്കുകയാണ്”. തന്റെ ജീവിതവും അദ്ധ്വാനവുംമുഴുവൻ വിലയായി കൊടുത്തു സ്നേഹിച്ച അനുജന്റെ വാക്കുകൾ ചാണ്ടിച്ചായനെ കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്. ആദ്യം വിളിച്ച് നാലു വാക്കു പറയണമെന്നു തോന്നി. പിന്നീട് അതൊരു തിരിച്ചറിവായി... എല്ലാം ദൈവം കാണട്ടെ. അന്നു ചാണ്ടിച്ചായൻ ഒരു തീരുമാനമെടുത്തു. “ഇനി പരന് ഭൂഷണ മാകാത്തതൊന്നും താൻ പറയില്ല”.

തിരിച്ചു വീട്ടിലേക്കു നടക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ എന്നെയും ധ്യാനത്തിലാഴ്ത്തി. ഒരു ദിവസം നമ്മുടെ പാഴ്‌വാക്കുകൾകൊണ്ട് നാം എത്രപേരെ കുത്തിമുറിവേല്പിക്കുന്നു. എത്രപേരെ കൊന്നുതള്ളുന്നു. എന്നാൽ ഞാനും നിങ്ങളും വിളിക്കപ്പെട്ടിരിക്കുന്നത് പരനു ഭൂഷണമാകുവാനല്ലേ...? പരദൂഷണത്തിനുപയോഗിക്കുന്ന സമയത്തിന്റെ നാലിലൊന്ന് ‘പരഭൂഷണ’ത്തിനുവേണ്ടി ഉപയോഗിച്ചിരുന്നെങ്കിൽ എത്രപേർ നമ്മുടെ സാന്നിദ്ധ്യത്തിനായി കൊതിച്ചേനെ...

പരനു ഭൂഷണമാകാൻ 5 കാര്യങ്ങൾ നാം ശ്രദ്ധിച്ചേ മതിയാവൂ.

അപരന്റെ നന്മ ആഗ്രഹിക്കണം;

അപരന്റെ നന്മ പറയണം;

അപരന് നന്മ ചെയ്യണം;

അപരനെ നന്മയിലേക്കു നയിക്കണം;

അപരനെ നന്മയിൽ വളർത്താൻ സഹായിക്കണം.

സുവിശേഷത്തിലേക്കു നോക്കിയാൽ നസറത്തിന്റെ വെള്ളിവെളിച്ചമായ ഈശോനാഥൻ നാടുനീളെ ഓടിനടന്നതെല്ലാം അപരന്റെ നന്മമാത്രം ലക്ഷ്യംവച്ചായിരുന്നു. അവന്റെ സ്പർശമേറ്റവരെല്ലാം തങ്ങളുടെ രോഗത്തിൽനിന്നും മുക്തിപ്രാപിച്ച് ജീവനിലേക്കു പ്രവേശിച്ചു. അവൻ നോക്കിയവരൊക്കെയും തിന്മയുടെ മരക്കൊമ്പിൽനിന്നും നന്മയുടെ താഴ്‌വാരങ്ങളിലേക്ക് ഊർന്നിറങ്ങി. ചിലർ ആ നന്മയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരെയും വരിച്ചു. അവന്റെ വാക്കു കേട്ടവരെല്ലാം ആശ്വാസത്തിന്റെ തീരത്തണയുകയും മാനസാന്തരത്തിന്റെ പുതിയ പാത സ്വീകരിക്കുകയും ചെയ്തു. അവന്റെ സാന്നിദ്ധ്യം അനുഭവിച്ചവരിൽനിന്ന് മരണംപോലും മാറിനിന്നു. അവന്റെ സൗഹൃദത്തിലായിരുന്നവർ ദൈവികസൗഹൃദത്തിലേക്ക് ആരോഹണം ചെയ്തു. നന്മയല്ലാത്തതൊന്നും അവനിൽനിന്നു പുറപ്പെട്ടില്ല. അവന്റെ വിമർശനങ്ങൾപോലും അപരനെ നന്മയോളമെത്തിക്കുന്നതായിരുന്നു.

സമൂഹത്തിൽ പരദൂഷകരുടെ സ്ഥാനം എവിടെയാണെന്ന് വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ വ്യക്തമാക്കുന്നു: “കള്ളന്മാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല” (1 കൊറി 6,10). ഇന്നവൻ വിളിക്കുന്നു എന്നെയും നിങ്ങളെയും... ഇന്നോളം നഷ്ടപ്പെടുത്തിയ സമയങ്ങളെ മറന്ന് ഇന്നുമുതൽ നന്മയുടെ അവതാരമാകാൻ...

പരദൂഷണത്തിന്റെയല്ല പരഭൂഷണത്തിന്റെ വക്താക്കളാകാൻ...

ശ്രവിക്കാം ഈ ക്ഷണം, നിറഞ്ഞ മനസ്സോടെ...



# ദൈവത്തെ വെറും ദരിദ്രവാസിയാക്കരുത്


**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**കാഞ്ഞിരപ്പള്ളി രൂപത**


**പു**തുതായി നിർമ്മിച്ച ഒരു പള്ളിയുടെ കൂദാശാകർമ്മത്തിന്റെ വാർത്തയും ഫോട്ടോയും പത്രത്തിൽ കണ്ടപ്പോൾത്തന്നെ കാർന്നോരുടെ ധാർമ്മികരോഷം ഉണർന്നു. "അച്ചോ, ഈശോ മിശിഹാ കാലിത്തൊഴുത്തിൽ പിറന്നെന്ന് നിങ്ങളൊക്കെ പ്രസംഗിക്കുകയും ചെയ്യും, എന്നിട്ട് ഇതുപോലെയുള്ള കൊട്ടാരങ്ങൾ കെട്ടിയുണ്ടാക്കുകയും ചെയ്യും". തുടർന്ന് മുണ്ടു മുറുക്കിയുടുത്തതിന്റെയും പിടിയരി പിടിച്ചതിന്റെയുമൊക്കെ സ്ഥിരം കണക്കുകളും അച്ചന്മാർ അതുകൊണ്ടുപോയി ഫുഡടിക്കുന്നതിനെക്കുറിച്ചുള്ള നവമാധ്യമസാഹിത്യവുമെല്ലാം ക്രമം തെറ്റാതെ ഒറ്റ ശ്വാസത്തിൽ ചേട്ടൻ പറഞ്ഞുതീർത്തു. ഈശോ കാലിത്തൊഴുത്തിൽ പിറന്നതും കഴുതപ്പുറത്തു സഞ്ചരിച്ചതും നല്ല പഞ്ചുള്ള കഥകളായതുകൊണ്ട് പലപ്പോഴും അച്ചന്മാരുടെ വായടക്കാൻ സത്യക്രിസ്ത്യാനികൾ അവ ഉപയോഗിക്കാറുണ്ടല്ലോ. എന്നാൽ അടുത്തകാലത്ത് ഒരു സുഹൃത്ത് കാലിത്തൊഴുത്തിലെ കഥയ്ക്ക് പുതിയൊരു വ്യാഖ്യാനം തന്നത് എന്റെ ഓർമ്മയിൽ വന്നു. ധാർമ്മികരോഷം പ്രകടിപ്പിച്ചിരിക്കുന്ന കാർന്നോർക്ക് ഞാനത് വിളമ്പിക്കൊടുത്തു. "ചേട്ടാ, ഈശോ കാലിത്തൊഴുത്തിൽ പിറക്കേണ്ടിവന്നത് യൗസേപ്പിതാവ് വെറും ദരിദ്രവാസിയായിരുന്നതുകൊണ്ടാണെന്ന് ചേട്ടൻ കരുതരുത്. അക്കാലത്ത് തച്ചൻപണി നല്ല അന്തസ്സുള്ളതും വരുമാനമുള്ളതുമായ ജോലിയായിരുന്നു. വീടു പണിയുന്നതിന് വിദഗ്ദ്ധമായി പ്ലാൻ ഉണ്ടാക്കുകയും അതനുസരിച്ച് പണിയുകയും ചെയ്തിരുന്ന തച്ചന്മാർ ഇന്നത്തെ എഞ്ചിനീയർമാരുടെ അന്തസ്സുള്ളവരായിരുന്നു. മാത്രമല്ല, ഉണ്ണീശോയ്ക്കു പിറക്കാൻ യൗസേപ്പ് അന്വേഷിച്ചത് അന്തസ്സായി താമസിക്കാൻ പറ്റുന്ന സത്രംതന്നെയായിരുന്നു. അവിടെ ഇടംകിട്ടാതെ വന്നപ്പോഴാണ് കാലിത്തൊഴുത്തിൽ ഇടം കണ്ടെത്തിയതെന്ന് ബൈബിളിൽത്തന്നെ പറയുന്നില്ലേ". ഇതെല്ലാം കേട്ട് കിളിപോയ ചേട്ടൻ ഒരു വല്ലാത്ത നോട്ടം നോക്കിയിട്ട് സ്ഥലം കാലിയാക്കി.



സഭയുടെ നിർമ്മാണപ്രവർത്തനങ്ങളിലും മറ്റു ഭൗതികകാര്യങ്ങളിലും ധൂർത്ത് ഒഴിവാക്കപ്പെടേണ്ട കാര്യമാണെന്നതിന് ആർക്കും സംശയമില്ല. പ്രത്യേകിച്ചും സാമ്പത്തികപ്രതിസന്ധിയിൽ സമൂഹം നട്ടംതിരിയുമ്പോൾ അനാവശ്യചെലവുകൾ അക്കാര്യത്തിൽ വരുത്തുന്നത് തെറ്റുതന്നെയാണ്. പക്ഷേ കാള പെറ്റെന്നു കേൾക്കുമ്പോഴേ കലിതുള്ളി വിമർശനത്തിന്റെ കയറുമായി സഭയെ കൂച്ചിക്കെട്ടാൻ കച്ചകെട്ടിയിറങ്ങുന്നവർ പലപ്പോഴും അന്യായമായ വാദഗതികളാണ് നിരത്തുന്നത്. അതിനുവേണ്ടി കൂട്ടുപിടിക്കുന്നത് കാലിത്തൊഴുത്തിന്റെ ചരിത്രവും. കാലിത്തൊഴുത്തു നല്കുന്ന സന്ദേശം ദാരിദ്ര്യാവസ്ഥ പുണ്യമാണെന്നും അതു പുല്കി ജീവിക്കണം എന്നുമല്ല. മറിച്ച് ഈ ലോകത്തെ മുഴുവൻ സൃഷ്ടിച്ചവന് കാലിത്തൊഴുത്തിന്റെ ഇല്ലായ്മയിലും സുഖമായി ഉറങ്ങാൻ കഴിഞ്ഞതുപോലെയുള്ള ഒരു മനോഭാവത്തിലേക്കു വളരണം എന്നതാണ്. നമ്മുടെ സാമൂഹികജീവിതത്തെ വിലയിരുത്തിയാൽ ഇന്നു മനുഷ്യന്റെ മനഃസമാധാനം നഷ്ടപ്പെടുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം ഈ മനോഭാവം സ്വീകരിക്കാൻ നമുക്കു കഴിയാതെ പോകുന്നതാണ്. പള്ളി നിർമ്മാണത്തിലെ ധൂർത്തിന്റെ കാര്യത്തിൽ ധാർമ്മികരോഷം കൊള്ളുന്ന പലരും സ്വന്തം ഭവനം നിർമ്മിക്കുമ്പോൾ ഇത്തരത്തിലുള്ള ഒരു വികാരത്തിനും സ്ഥാനം കൊടുക്കാത്തവരാണെന്നു കാണാം. അവിടെ അവരെ ഭരിക്കുന്നത് അയൽക്കാരനോടുള്ള മത്സരബുദ്ധിയും തങ്ങളുടെ മഹത്ത്വം പ്രദർശിപ്പിക്കുവാനുള്ള വ്യഗ്രതയുമാണ്. അതുകൊണ്ടുതന്നെ വ്യക്തിപരമായ പല നിർമ്മാണപ്രവർത്തനങ്ങളും ആഡംബരങ്ങളുടെയും ധൂർത്തിന്റെയും ഘോഷയാത്രയായി മാറുന്നു. ലാളിത്യവും കാലിത്തൊഴുത്തുമൊക്കെ പള്ളി നിർമ്മാണത്തിനുമാത്രമുള്ള മാനദണ്ഡമായി സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മനോഭാവങ്ങൾ തിരുത്തപ്പെടാനാണ് കാലിത്തൊഴുത്തിന്റെ ചരിത്രം നമ്മെ സഹായിക്കേണ്ടത്.

ആഡംബരവും ധൂർത്തും ഒഴിവാക്കപ്പെടേണ്ട തിന്മയാണെന്ന് ബോദ്ധ്യപ്പെടുന്നതോടൊപ്പംതന്നെ ദാരിദ്ര്യം മഹത്ത്വവൽക്കരിക്കപ്പെടേണ്ട ഒരു പുണ്യമല്ലെന്നുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്. സർവ്വസമ്പന്നനായ ദൈവം പുൽക്കൂട്ടിൽ സ്വസ്ഥമായി ഉറങ്ങിയതുപോലെ ഏതു ജീവിതസാഹചര്യത്തിലും സമാധാനവും സ്വസ്ഥതയും നഷ്ടപ്പെടാതെ ജീവിക്കാനാണ് നാം പഠിക്കേണ്ടത്. അന്യന്റെ നന്മയിൽ അസൂയപ്പെടാതെയും സ്വന്തം സാഹചര്യങ്ങളെക്കുറിച്ച് നിരാശപ്പെടാതെയും ജീവിക്കാൻ കഴിയുകയെന്നതാണ് ഒന്നാം പാഠം. അതുപോലെ സമൂഹത്തിൽനിന്ന് ദാരിദ്ര്യത്തിന്റെ അംശങ്ങളെ നീക്കിക്കളയാൻ ശ്രമിക്കണമെന്നത് അടുത്ത പാഠം. കാലിത്തൊഴുത്തു പ്രഘോഷിക്കുന്നത് ദാരിദ്ര്യത്തിന്റെ മഹത്ത്വമല്ല, ലാളിത്യത്തിന്റെ നന്മയാണ് എന്ന തിരിച്ചറിവാണ് നമുക്കു വേണ്ടത്.





# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

ജിനു നിരപ്പേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സകലജനതകൾക്കുമുള്ള സന്തോഷത്തിന്റെ സദ്വാർത്തയായി ഞങ്ങളുടെ ഇടയിലേക്കു കടന്നുവന്ന ഈശോനാഥാ, അനുദിനജീവിതത്തിൽ അങ്ങേ രക്ഷാകര ഇടപെടലുകൾ തിരിച്ചറിയാൻ കഴിയാതെ പോകുന്നവരും പാപികളുമായ അങ്ങേ മക്കൾ അങ്ങേ രക്ഷാകരരഹസ്യങ്ങളെ ധ്യാനിക്കാൻ ആഗ്രഹിക്കുന്നു. ഈ രഹസ്യങ്ങളെ ശ്രദ്ധാപൂർവം ധ്യാനിക്കുവാൻ ഞങ്ങള സഹായിക്കണമേ.

**ഒന്നാം ദിവ്യരഹസ്യം:**

മംഗളവാർത്ത ശ്രവിച്ച് അസ്വസ്ഥയായെങ്കിലും, അതിന്റെ അർത്ഥം എന്തെന്ന് ചിന്തിക്കുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈ രഹസ്യം ധ്യാനിക്കുമ്പോൾ നമുക്കായി അവതരിച്ച വചനത്തിന്റെ അർത്ഥം ഗ്രഹിക്കാനും വചനാനുസരണം ജീവിക്കാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

ദൈവവചനത്തിൽ വിശ്വസിച്ച് ഇളയമ്മയെ സന്ദർശിക്കാൻ പോകുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈ രഹസ്യം ധ്യാനിക്കുമ്പോൾ അനുദിനജീവിതത്തിൽ ദൈവികഇടപെടലുകളെ കണ്ടെത്താനും അതിനു നന്ദി പറയാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിക്കുന്ന ദൈവത്തെ സ്തുതിക്കുന്ന പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

ഈ രഹസ്യം ധ്യാനിക്കുമ്പോൾ എളിമയെന്ന പുണ്യത്തിൽ വളരാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

ദൈവകുമാരനു ജന്മം നല്കാൻ ഭാഗ്യം ലഭിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈ രഹസ്യം ധ്യാനിക്കുമ്പോൾ നമ്മുടെ ഉള്ളിൽ വസിക്കുന്ന ഈശോയെ മുന്നിൽ കണ്ടുകൊണ്ടു ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുമെന്ന ശിമയോന്റെ വാക്കുകളെ ഹൃദയത്തിൽ ഏറ്റുവാങ്ങുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈ രഹസ്യം ധ്യാനിക്കുമ്പോൾ ജീവിതകുരിശുകളെ ഏറ്റെടുത്ത് ഈശോയുടെ വഴിയിലൂടെ സഞ്ചരിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



നിരാശയിൽ

പ്രത്യാശയുടെ നക്ഷത്രമായി

സങ്കടങ്ങളിൽ

സന്തോഷതീരമായി

ആകുലതകളിൽ

ആശ്വാസമായി

ഏകാന്തതയിൽ

സൗഹൃദമായി

രോഗങ്ങളിൽ

സൗഖ്യമായി

വിണ്ണിൽനിന്നും മണ്ണിലിറങ്ങിയ

നമ്മുടെ ദൈവമിതാ... നമ്മോടുകൂടെ



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th November 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മാനവരക്ഷയ്ക്കായ്
സുതനെയയച്ചവനാം
താതനെ വാഴ്ത്തീടാം
കർത്താവേ തവ കാരുണ്യം
വർണ്ണിച്ചീടാനെളുതല്ലാ
എങ്കിലുമങ്ങേ റൂഹായാൽ
ശക്തിപകർന്നരുളീടും നിൻ
കൃപയെന്നും വാഴ്ത്തിപ്പാടുന്നേൻ"
(മംഗളവാർത്തക്കാലം, തിങ്കൾ - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal